# സാന്ത്വനം

ഒരു സ്വതന്ത്ര ആത്മീക പത്രിക

SANDWANAM

പുസ്തകം 1 | ലക്കം 3ര | 2012 മാർച്ച്-ഏപ്രിൽ | പേജ് 8 | KERMAL/2011/40311 | ഒറ്റപ്രതി : ₹ 10


## പാക്കിസ്ഥാൻ വനിതയ്ക്കായി 5 ലക്ഷം പേരുടെ നിവേദനം



**ഇസ്ലാമബാദ് :** പാക്കിസ്ഥാനിൽ മതപരമായ കുറ്റം ആരോപിക്കപ്പെട്ട് ജയിലിൽ അടയ്ക്കപ്പെട്ട അസിയാ ബീബി എന്ന വനിതയെ പാക്കിസ്ഥാൻ കോടതി മരണശിക്ഷയ്ക്ക് വിധിച്ചതിനെതുടർന്ന് ലോകം എമ്പാടുമുള്ള 5 ലക്ഷത്തിൽ അധികം പേർ പാക്കിസ്ഥാൻ സർക്കാരിന് നിവേദനം നൽകിയിരിക്കുന്നു.

ഹൈക്കോടതി പ്രസ്തുത വിധി അംഗീകരിച്ചാൽ സുപ്രീംകോടതി മുമ്പാകെ അപ്പീലിന് പോകേണ്ടതുണ്ട്. എന്നാൽ അനുകൂലമായ വിധി അവിടെയും പ്രതീക്ഷിക്കുവാൻ സാഹചര്യം അനുവദിക്കുന്നില്ല. ക്രിസ്തീയ വിശ്വാസത്തിന്റെ പേരിൽ ധാരാളം പേർ പീഡനം അനുഭവിക്കുന്ന രാജ്യമാണ് പാക്കിസ്ഥാൻ.

ദൈവജനത്തിന്റെ പ്രാർത്ഥന വളരെ അനിവാര്യമായിരിക്കുന്നു.

സാന്ത്വനം ദ്വൈമാസികയുടെ മൂന്നാം വാർഷികത്തോടനുബന്ധിച്ച് അങ്കമാലി കിടങ്ങൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിൽ വച്ച് 2012 ജനുവരി 7-ന് നടന്നതായ ബൈബിൾ ക്ലാസിന്റെ സംക്ഷിപ്തരൂപം.

# ക്രിസ്തീയ ജീവിതത്തിലെ മുന്നറിയിപ്പുകൾ

**പി.എം. എബ്രഹാം ചെറുപുഴ**



**അങ്കമാലി :** ക്രിസ്തീയ ജീവിതത്തിലെ മുന്നറിയിപ്പുകളാണ് ദൈവവചനത്തിലെ അധികപങ്കും എങ്കിൽ തന്നെയും പത്തു കല്പനകളെ അടിസ്ഥാനമാക്കി സംസാരിക്കുകയായിരുന്നു ദൈവദാസൻ. യേശുക്രിസ്തു ന്യായപ്രമാണത്തെ നീക്കുവാനല്ല അതിനെ നിവൃത്തിക്കാനാണ് വന്നത്. കല്പനകളെ പൊതുവിൽ രണ്ടായിതിരിക്കാം. അപ്പോൾതന്നെ 'സ്നേഹം' എന്ന ഒറ്റവാക്കിൽ ഈ കല്പനകളെ ഒതുക്കുവാനും സാധിക്കും. ആദ്യത്തെ നാലെണ്ണം ദൈവത്തെ സ്നേഹിക്കണം എന്നും ഒടുവിലത്തെ ആറെണ്ണം കൂട്ടുകാരനെ സ്നേഹിക്കണം എന്നും പറയുന്നു. മറ്റൊരുവിധത്തിൽ പറഞ്ഞാൽ ആദ്യത്തേത് ഞാനും ദൈവവും തമ്മിലുള്ള ബന്ധം. രണ്ടാമത്തേത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധം. ആദ്യത്തേത് സുസ്ഥിരമാണെങ്കിൽ മാത്രമേ രണ്ടാമത്തേത് സുസ്ഥിരമാകുകയുള്ളൂ.

ഒന്നാമത്തെ കല്പന പുറ. 20:2,3 വാക്യങ്ങളിൽ വായിക്കുന്നു. "ഞാനല്ലാതെ അന്യദൈവങ്ങൾ നിങ്ങൾക്കുണ്ടാകരുത്". ദൈവമാണ് ഇത് നൽകുന്നത്. മത്താ. 6:33-ൽ മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ എന്നാണല്ലോ. ദൈവത്തിന് മുൻഗണന നൽകണം. നമ്മുടെ ജീവിതത്തിൽ ദൈവത്തിനുള്ള സ്ഥാനം എവിടെയാണ് എന്റെ എല്ലാം കഴിഞ്ഞിട്ട് ദൈവം മതി എന്നാണോ? ചിന്തിക്കുക.

'ഒരു വിഗ്രഹം ഉണ്ടാക്കരുത്' എന്നത് രണ്ടാമത്തെ കല്പനയായിട്ടാണ് പുറ. 20:4-ൽ വായിക്കുന്നത്. ഏറ്റവും ആവർത്തിക്കപ്പെടുന്ന ഒരു കല്പനകൂടിയാണിത്. അതുകൊണ്ട് തന്നെ ഏറ്റവും അധികം അവഗണിക്കപ്പെട്ടിരിക്കുന്നതും അതുതന്നെയാണ്. യോഹന്നാന്റെ ലേഖനത്തിൽ വിഗ്രഹാരാധന വിട്ടോടുവിൻ എന്ന് പറഞ്ഞിരിക്കുന്നു. വിഗ്രഹം ഉണ്ടാക്കരുത്, അതിനെ ആരാധിക്കരുത്, നമസ്ക്കരിക്കരുത്, വണങ്ങരുത് എന്ന് പറഞ്ഞിട്ടുണ്ട്. ദ്രവ്യാഗ്രഹത്തെ വിഗ്രഹാരാധനയോട് ബന്ധപ്പെടുത്തി പൗലോസ് പറയുന്നു. അത് സകലവിധ ദോഷത്തിനും മൂലകാരണമാകുന്നു. കർത്താവിനെക്കാൾ ഭർത്താവിനെയൊ ഭാര്യയെയൊ മക്കളെയൊ സ്വത്തിനെയൊ സ്നേഹിച്ചാൽ (അമിത പ്രാധാന്യം നൽകിയാൽ) അത് വിഗ്രഹാരാധനയാണ്.

മൂന്നാമത്തെ കല്പന "നിന്റെ നാമം വൃഥാ എടുക്കരുത്" എന്നതാണ് (പുറ.20:7). ദൈവസൃഷ്ടിക്കു ആദാം പേരിട്ടു. എന്നാൽ ദൈവത്തിന് പേരിട്ടത് ദൈവം തന്നെയാണ്. "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" എന്നാണ് എന്റെ നാമം, ദൈവനാമത്തിൽ സത്യം ചെയ്യുന്നതും വാഹനങ്ങളുടെ പേരിടുന്നതിന് യേശുവിന്റെ നാമം എടുക്കുന്നതും സ്ഥാപനങ്ങൾക്കൊ, വസ്തുവിനൊ, ആവശ്യമില്ലാത്തിടത്തെല്ലാം യേശുവിന്റെ നാമം ഉപയോഗിക്കുവാനോ പാടില്ല. അത് തെറ്റാണ്. ആശയവും അർത്ഥവും അത്യാവശ്യവും ഉള്ളടത്തുമാത്രമേ ഈ നാമം ഉപയോഗിക്കാവൂ എന്ന് വ്യക്തം. ദൈവനാമമഹത്വത്തിന് യോജിക്കാത്ത ജീവിതം നയിക്കുന്ന ഒരു വ്യക്തി ഈ നാമം ദുഷിക്കയാണ് ചെയ്യുന്നത്.

"ശബ്ബത്തുനാളിനെ ശുദ്ധീകരിപ്പാൻ ഓർക്കുക" എന്നതാണ് നാലാമത്തെതും ആദ്യത്തെ വിഭാഗത്തിൽ അവസാനത്തേതുമായ കല്പന. പുറ. 20:8-4 മനുഷ്യൻ ഇന്ന് പരമാവധി ഓടുന്നത് നേട്ടം കൊയ്യുവാൻ വേണ്ടിയാണ്. ദൈവം മനുഷ്യന് ശബ്ബത്ത് നൽകിയത് ആറു ദിവസം അദ്ധ്വാനിച്ച് ഏഴാം ദിവസം സ്വസ്ഥത അഥവ വിശ്രമം അനുഭവിക്കാൻ വേണ്ടിയാണ്. ലേവ്യ പുസ്തകത്തിൽ മനുഷ്യന് മാത്രമല്ല, മൃഗങ്ങൾക്കും ഭൂമിക്കും സ്വസ്ഥത വേണം എന്നു പറയുന്നു. നീയും നിന്റെ പുത്രനും പുത്രിയും വേലക്കാരനും വേലക്കാരിയും കന്നുകാലികളും പരദേശികളും ഒരു വേലയും ചെയ്യരുത് എന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ എന്ന് സഭായോഗം മുടക്കിയും ജോലി (ഓവർടൈം) ചെയ്യുന്നത് തെറ്റാണ് എന്ന് ഇത് നമ്മെ പഠിപ്പിക്കുന്നു.

തുടർന്നുള്ള ആറ് കല്പനകളും മനുഷ്യനോട് നാം ചെയ്യേണ്ട കടപ്പാടുകളും ഉത്തരവാദിത്വങ്ങളുമാണ് പറഞ്ഞിരിക്കുന്നത്. അവ ഓരോന്നും വിശദീകരിച്ചുകൊണ്ട് സഹോദരൻ ക്ലാസ് ഉപസംഹരിച്ചു.

# വൈ. എം. ഇ. എഫ്. നോർത്ത് ടീം പഞ്ചാബിൽ

**തൃശൂർ :** 2012 ഫെബ്രുവരി, മാർച്ച്, ഏപ്രിൽ മാസങ്ങളിൽ വൈ.എം.ഇ.എഫ്. നോർത്ത് ഡിവിഷൻ പഞ്ചാബിന്റെ ഫാസിൽക്ക, ഫിറോസ്പൂർ, ബട്ടിൻഡ ജില്ലകളിൽ പ്രവർത്തിപ്പാൻ ആഗ്രഹിച്ചതിൻ പ്രകാരം ജനുവരി 27-ന് അങ്കമാലിയിൽ നിന്നും ടീം പുറപ്പെട്ടു. പഞ്ചാബിന്റെ ഈ ജില്ലകളിൽ ഇതിനുമുമ്പ് പ്രവർത്തിച്ചിട്ടുണ്ടെങ്കിലും അന്ന് ചെന്നെത്തുവാൻ കഴിയാത്തതും മുൻപ് പ്രവർത്തിച്ചതിന്റെ ഫലങ്ങൾ ലഭിച്ചിട്ടുള്ളതുമായ സ്ഥലങ്ങളെ ലക്ഷ്യമാക്കിയാണ് ഈ പ്രാവശ്യത്തെ പ്രവർത്തനം. ഭവനസന്ദർശനം, ആളപ്രതിവേല, സാധ്യതയുള്ള സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ എന്നിവയാണ് ചെയ്യുവാൻ ആഗ്രഹിക്കുന്നത്. പഞ്ചാബിലെ സുവിശേഷകന്മാരുടെ സഹകരണത്തിലാണ് ഈ പ്രവർത്തനം നടക്കുന്നത്. സുവി. പി. ബി. ശാമുവേൽ പ്രദേശിക കോർഡിനേറ്ററായി പ്രവർത്തനത്തിൽ സഹകരിക്കുന്നു.

പ്രതികൂല സാഹചര്യങ്ങൾ വർദ്ധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ടീമിന്റെ പ്രവർത്തനം വളരെ അനുഗ്രഹമായി തുടരുവാനും ആത്മാക്കൾ രക്ഷിക്കപ്പെടേണ്ടതിനും ദൈവജനത്തിന്റെ ശ്രദ്ധയേറിയ പ്രാർത്ഥന അനിവാര്യമായിരിക്കുന്നു.

*എന്ന്, എം.സി. ജോർജ്ജ്*


**പ്രതീക്ഷിക്കുക....**

**'ബൈബിളിലെ ഇഷ്ട കഥാപാത്രം' - റോയി മീമ്പാറ**

ഉല്പത്തി പുസ്തകത്തിലെ തിരഞ്ഞെടുത്ത പത്ത് കഥാപാത്രങ്ങളെക്കുറിച്ചുള്ള സംക്ഷിപ്തവിവരണം പ്രസിദ്ധീകരണം.

***'സാന്ത്വനം പബ്ലിക്കേഷൻസ്'***


# ഗുഡ്ന്യൂസ് ഗോസ്പൽ ടീം സൊസൈറ്റി ഉത്ഘാടനം ചെയ്തു

**കോലഞ്ചേരി:** കോലഞ്ചേരി കേന്ദ്രമാക്കി കേരളത്തിലെ വിവിധ സുവിശേഷകന്മാരും സഹോദരങ്ങളും അംഗങ്ങളായുള്ള ഒരു ടീം കോലഞ്ചേരി ബ്രദറൺ സഭയുടെ സഹകരണത്തിൽ രൂപീകരിച്ചു.



അതിന്റെ ഉദ്ഘാടനം 2012 ജനുവരി 30-ന് കോലഞ്ചേരി വൈ.എം.സി.എ. ഹാളിൽ വച്ച് സുവി. പി.എസ്. തമ്പാൻ പ്രാർത്ഥിച്ച് ഉദ്ഘാടനം ചെയ്തു. സുവി. വി.പി. പൗലോസ് മണ്ണൂർ മുഖ്യപ്രഭാഷണം നടത്തി. സഹോദരന്മാരായ മോസസ്സ് അലി, സജീവ് വറുഗീസ്, പി. സി.വറുഗീസ്, സി.പി. ജോർജ്ജ് എന്നിവർ പ്രസംഗിച്ചു. കൂടാതെ അയൽ സഭകളെ പ്രതിനിധീകരിച്ച് അനേകം സഹോദരന്മാരും വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നല്കി. ആദ്യ പ്രവർത്തനം മാങ്കുളത്ത് വെച്ച് നടത്തുവാൻ തീരുമാനിച്ചു.

എഡിറ്റോറിയൽ

## ക്രിസ്തു ഭൗതീകവാദത്തിന്റെ വക്താവോ?

കഴിഞ്ഞ ചില ആഴ്ചകൾക്കുമുമ്പ് നമ്മുടെ തലസ്ഥാന നഗരിയിൽ പ്രദർശിപ്പിക്കപ്പെട്ട ഒരു പോസ്റ്ററിൽ ക്രിസ്തുവിനെ അവഹേളിക്കുന്നതിനുതുല്ല്യം പുറത്തിറങ്ങിയ ഒരു ഔദ്യോഗിക പാർട്ടിയുടെ പോസ്റ്ററും പ്രസ്താവനകളും പത്രങ്ങളിൽ വന്നതാണ് ഈ ലേഖന രചനയ്ക്ക് പ്രേരിപ്പിച്ചത്.

മനുഷ്യനായി പിറന്ന യേശു മഹത്വത്തിൽ മഹാ ദൈവമായിരുന്നവനാണ്. മാനവജാതിയുടെ രക്ഷക്കായി ലോകത്തിൽ, പിതാവായ ദൈവത്താൽ അയയ്ക്കപ്പെട്ട രക്ഷകൻ എന്നാണ് വിശുദ്ധ ബൈബിൾ യേശുക്രിസ്തുവിനെക്കുറിച്ച് പറഞ്ഞിരിക്കുന്നത്. എന്നാൽ യേശു ജനിച്ചു വളർന്ന ആ കാലഘട്ടം, റോമൻ ഏകാധിപത്യ ഭരണസമ്പ്രദായം നിലനിന്നതായിരുന്നു. പീലാത്തോസ്, ഹെരോദാവ് എന്നീ ഏകാധിപതികൾ വാണിരുന്ന കാലം. ഒന്നു കൂടി വ്യക്തമാക്കിയാൽ സാമുദായികമായും മതപരമായും രാഷ്ട്രീയപരമായും അരാജകത്വം അഴിഞ്ഞാടിയ ഒരു ദുഷിച്ച കാലഘട്ടം എന്നു വേണമെങ്കിൽ പറയാം. ഇവയ്ക്കെതിരെ ക്രിസ്തു പ്രതികരിക്കുകതന്നെ ചെയ്തു. മതത്തിന്റെ കപടഭക്തി എന്ന പരീശപ്രമാണികളെ ക്രിസ്തു പരസ്യമായി ശാസിച്ചു. അവരുടെ അനീതിക്കെതിരെ ശക്തമായി പ്രതികരിച്ചുകൊണ്ട് തങ്ങളുടെ പൊയ്മുഖപുറംമൂടി നസ്രായൻ എടുത്തുമാറ്റി. പൗരോഹിത്യത്തിന്റെ മറവിൽ പ്രാർത്ഥനാലയം വാണിഭശാലയാക്കി മാറ്റിയ മതമേലദ്ധ്യക്ഷന്മാരുടെ പ്രവർത്തിക്കെതിരെ ചാട്ടവാറുകൊണ്ട് പ്രതികരിച്ചവനാണ് യേശു. രാജ്യം നേരായ നിലയിൽ നയിക്കാനായി ഭരണചക്രം തിരിക്കേണ്ടുന്നവർ സ്വാർത്ഥമതികളായിതീർന്ന് ജനത്തെ ചൂഷണം ചെയ്തപ്പോൾ ചക്രവർത്തിയെ കുറുക്കൻ എന്നു വിളിച്ചു പരിഹസിച്ച രാജാധിരാജാവാണ് ലോകരക്ഷകനായ യേശുക്രിസ്തു. ധനവാന്മാർക്കും, ചുങ്കം പിരിക്കുന്നവർക്കും കപടനേതാക്കൾക്കുമെതിരെ സത്യത്തിന്റെയും നീതിയുടെയും പടകാഹളം ഊതിയവൻ യേശുക്രിസ്തുവാണ്.

പക്ഷെ! ക്രിസ്തു ഒരു മതനേതാവായിരുന്നില്ല. മാത്രമല്ല ഒരു രാഷ്ട്രീയ പ്രസ്താനത്തിന്റെ സ്ഥാപകനോ, പ്രവർത്തകനോ, പ്രചാരകനോ എന്ന നിലയിൽ ക്രിസ്തു ഒരിക്കലും അറിയപ്പെട്ടിരുന്നില്ല. രണ്ട് വസ്ത്രമുള്ളവൻ ഒന്ന് ഇല്ലാത്തവന് കൊടുക്കട്ടെ. നിന്നെപ്പോലെ തന്നെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക, എന്നിങ്ങനെയുള്ള ക്രിസ്തുവിന്റെ പഠിപ്പിക്കൽ ഭൗതീകവാദത്തിന്റെയോ, സോഷ്യലിസത്തിന്റെയോ ആപ്തവാക്യമല്ല. പ്രത്യുത സൃഷ്ടാവായ ദൈവം മനുഷ്യനു നൽകുന്ന സമത്വത്തിന്റെയും സ്നേഹത്തിന്റെയും സഹോദര്യത്തിന്റെയും ഊഷ്മളമായ സന്ദേശമത്രെ! ഇതെങ്ങനെ ഒരുപറ്റം ആളുകൾ പടുത്തുയർത്തിയ ഭൗതീകവാദ രാഷ്ട്രീയ തത്വചിന്തയാകും? ഇടതെന്നോ, വലതെന്നോ, അടിമയെന്നോ, ഉടമയെന്നോ, ഐമേനിയെന്നോ, തിരുമേനിയെന്നോ യാതൊരു വേർതിരിവും ക്രിസ്തുവിന് ഇല്ല. മതങ്ങങ്ങൾക്കും, രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും ഈ വേർതിരിവ് ഉണ്ട്. കാരണം ജനാധിപത്യമായാലും സോഷിലിസമായാലും ലക്ഷ്യം ഒന്നേയുള്ളൂ. അധികാരത്തിന്റെ കസേരയിൽ ഉപവിഷ്ഠരാകുക . പക്ഷെ, ക്രിസ്തു പറഞ്ഞു "എന്റെ രാജ്യം ഐഹീകമല്ല" (യോഹ. 18:36). "ഭൂമിയിൽ നിന്നുള്ളവൻ ഭൗമീകനാകുന്നു" (യോഹ. 3:31). യേശുക്രിസ്തു പാർട്ടി സമ്മേളനം നടത്തിയതായി ബൈബിൾ പറയുന്നില്ല. കാരണം ക്രിസ്തു ഭൗതീകവാദത്തിന്റെ നേതാവല്ല. പ്രത്യുത നീതി വസിക്കുന്ന സമത്വസുന്ദരസുവിശേഷമെന്ന ആത്മികരാജ്യത്തിന്റെ അധിപതിയും സഭയുടെ ആത്മമണവാളനുമത്രെ. കൈക്കൂലികൊണ്ടും അഴിമതികൊണ്ടും അധികാരദുർവിനിയോഗംകൊണ്ടും ജനത്തെ ശ്വാസം മുട്ടിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ സമ്മേളനപന്തലിൽ പതിക്കുന്ന പോസ്റ്റർ എന്ന സമവാക്യമല്ല ക്രിസ്തു. അവൻ നീതിയുള്ള ന്യായാധിപതിയാണ്.

**കെ.പി. ജോസ്**

*വാർഷിക വരിസംഖ്യ*

| | |
|---|---|
| *ഇന്ത്യയിൽ* | – ₹ 60 |
| *ഗൾഫിൽ* | – ₹ 500 |
| *യു.എസ്.എ.* | – $ 50 |

വരിസംഖ്യ **Roy P.K.** എന്ന പേരിൽ മാത്രം അയയ്ക്കുക.

*ലേഖനങ്ങളും കത്തുകളും അയയ്ക്കേണ്ട വിലാസം*

The Chief Editor,
**SANDWANAM**
Chundakuzhy P.O., Perumbavoor - 683 546, Ernakulam Dist., Kerala. Phone : 0484 - 2647162, Mob : 97441 17891, E-mail: sandwanamnews@gmail.com

സഹോദരിമാരോട്...

# മഗ്ദലക്കാരത്തിയുടെ കണ്ണുനീർ



**ഷേർളി ലോയ്ഡ് , കൊടകര**



"അവൻ അവളോട് സ്ത്രീയേ നീ കരയുന്നത് എന്ത്" എന്ന് ചോദിച്ചു. (യോഹ. 20:13) ദൂതന്മാർ മഗ്ദലക്കാരത്തി മറിയയോട് ചോദിക്കുന്ന ചോദ്യമാണ്. എന്തിനാണ് മറിയ കരയുന്നത്? അവൾ ദൂതന്മാരോട് മറുപടി പറയുന്നത്, എന്റെ കർത്താവിനെ എടുത്തുകൊണ്ട്പോയി അവനെ എവിടെവച്ചു എന്ന് ഞാൻ അറിയുന്നില്ല എന്നാണ്. മറിയയ്ക്ക് കർത്താവിനോട് ഇത്രയധികം സ്നേഹം ഉണ്ടായതെങ്ങനെ എന്നു നാം ചിന്തിക്കേണ്ടതാണ്. മർക്കോസ് 16:9-ൽ പറയുന്നത് മറിയയിലുണ്ടായിരുന്ന ഏഴു ഭൂതങ്ങളെ കർത്താവ് പുറത്താക്കി എന്നാണ്. അന്ന് അവൾക്ക് കർത്താവിൽ നിന്നും ലഭിച്ച പ്രകാശമാണ് കർത്താവിന്റെ കല്ലറയിലേയ്ക്ക് അതിരാവിലെ ഇരുട്ടുള്ളപ്പോൾ തന്നെ അവളെ നടത്തിയത്. ആഴ്ച വട്ടത്തിന്റെ ഒന്നാം നാൾ കർത്താവിന്റെ കല്ലറയിലേയ്ക്ക് പോകുന്നതിന് മുമ്പ് തലേ ദിവസം അവൾ ഒരു ഒരുക്കം ചെയ്തിരുന്നു. കർത്താവിന്റെ ശരീരത്തിൽ പൂശേണ്ടതിന് സുഗന്ധവർഗ്ഗവും പരിമളതൈലവും ഒരുക്കി എന്ന് ലൂക്കോസ് 23:56-ൽ കാണുന്നു. അവൾ ഒരുക്കിയ സുഗന്ധവർഗ്ഗവും യേശുവിനെ കാണുവാനുള്ള അതിയായ ആഗ്രഹവുമായാണ് കല്ലറക്കൽ എത്തിയത്. എന്നാൽ കല്ലറയിൽ കർത്താവിനെ കാണാഞ്ഞിട്ട് അവൾ ഏറെ കരഞ്ഞു. ഉടനെ തന്നെ യേശുവിന്റെ ശിഷ്യന്മാരെ ഈ വിവരം അറിയിച്ചു. ശിഷ്യന്മാർ ഓടിവന്ന് കല്ലറയിൽ കർത്താവിനെ കാണാഞ്ഞതിനാൽ അവൻ ഉയിർത്തെഴുന്നേറ്റു എന്ന് ചിന്തിച്ച് വീട്ടിലേക്ക് മടങ്ങിപ്പോയി.

എന്നാൽ മറിയ പുറത്ത് കല്ലറക്കൽ കരഞ്ഞുകൊണ്ട് നിന്നു. കർത്താവിനോടുള്ള സ്നേഹത്തിന്റെ ആഴമാണ് കരയുവാനുള്ള കാരണം. ഒരുക്കിയ സുഗന്ധവർഗ്ഗവും പരിമളതൈലവും മാത്രമല്ല, ഹൃദയത്തിൽ കർത്താവിനോടുള്ള തികഞ്ഞ സ്നേഹവുമാണ് ഇവിടെ അവൾ തനിയെ നിന്ന് കരഞ്ഞുകൊണ്ടിരിക്കുന്നത്. അവളുടെ കരച്ചിലിന്റെ മറുപടിയാണ് ദൂതന്മാർ ചോദിക്കുന്നത്, സ്ത്രീയെ നീ കരയുന്നതെന്ത്? എന്നാൽ ദൂതന്റെ ചോദ്യത്തിലൊന്നും തൃപ്തിയില്ലാതെ അവൾ കർത്താവിനെ കാണുവാൻ മാത്രം ആഗ്രഹിച്ച് കരഞ്ഞുകൊണ്ട് നിൽക്കുമ്പോഴാണ് ഉയിർത്തെഴുന്നേറ്റ കർത്താവ് അവൾക്ക് മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. യേശുവും അവളുടെ കണ്ണുനീരിന്റെ മുമ്പിൽ ചോദിക്കുന്നു. സ്ത്രീയെ നീ കരയുന്നത് എന്ത്? ആരെ തിരയുന്നു എന്നു ചോദിച്ചു. അതിനു മറിയ മറുപടി പറയുന്നത് യജമാനനേ എന്റെ കർത്താവിനെ എടുത്തുകൊണ്ട് പോയി എങ്കിൽ അവനെ എവിടെ വച്ചു എന്നു പറഞ്ഞു തരിക. ഞാൻ അവനെ എടുത്തുകൊണ്ട് പൊയ്ക്കൊള്ളാം എന്നു പറഞ്ഞു. അവളുടെ ത്യാഗപരമായ ഈ സ്നേഹത്തിന്റെ വാക്കുകളിൽ യേശുവിന്റെ മനസ്സലിഞ്ഞു. യേശുവും സ്നേഹത്തിന്റെ ഭാഷയിൽ അവളെ മറിയേ എന്നു വിളിച്ചു. ആ വിളിയിലുള്ള ആർദ്രമായ സ്നേഹം അവൾ തിരിച്ചറിഞ്ഞുകൊണ്ട് അവൾ അതിബഹുമാനത്തോടെ എബ്രായഭാഷയിൽ റബ്ബൂനീ എന്ന് പറഞ്ഞു. അതിനു ഗുരു എന്നർത്ഥം.

പ്രിയസഹോദരിമാരേ മഗ്ദലക്കാരി മറിയയ്ക്ക് നമ്മോട് പറയുവാനുള്ളത് കർത്താവ് അവളുടെ ജീവിതത്തിൽ കൊടുത്ത പ്രകാശമാണ്. കർത്താവിനെ ആഴമായി സ്നേഹിക്കുവാനും പ്രവർത്തിക്കുവാനും ഇടയായതിനെയാണ്. ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ കർത്താവിന്റെ കല്ലറയിലേക്ക് ഒരുക്കത്തോടെ പോയത് മരിച്ച് അടക്കപ്പെട്ട യേശുവിനെ കാണുവാനും സുഗന്ധവർഗ്ഗം ഇടുവാനുമായിരുന്നു. എന്നാൽ മറിയയുടെ കണ്ണുനീരും പ്രാർത്ഥനയുമാണ് ഉയിർത്തെഴുന്നേറ്റ കർത്താവിനെ ആദ്യം കാണുവാനുള്ള മഹാഭാഗ്യം അവൾക്ക് ലഭിച്ചത്. തന്നോട് കൂടെയുണ്ടായിരുന്നവരെല്ലാം അവളെ വിട്ട് പോയപ്പോഴും പതറാതെ കല്ലറയ്ക്കൽ തനിയെനിന്ന് കരഞ്ഞു. കണ്ണുനീരിനെ കടന്നുപോകാത്ത നമ്മുടെ കർത്താവ് മറുപടിയായി മറിയയുടെ മുമ്പിൽ ആദ്യം പ്രത്യക്ഷപ്പെട്ടു.

ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആരാധനയ്ക്ക് പോകുന്ന നാം ഇപ്രകാരം ഒരുക്കത്തോടെയാണോ പോകുന്നത്. നമ്മുടെ ആരാധനയിൽ ഉയിർത്തെഴുന്നേറ്റ കർത്താവിനെ ദർശിക്കുവാൻ ഇടവരട്ടെ. മറിയയെപ്പോലെ നമുക്കും ഈ നാളുകളിൽ ഏറെ കരയുവാൻ കർത്താവ് ധാരാളം കൃപ നൽകട്ടെ. ●

## സാഹിത്യകാരന്മാരുടെ ശ്രദ്ധയ്ക്ക്

**പെരുമ്പാവൂർ:** പത്രപ്രസാധകരുടെ കൂട്ടായ്മയായ ക്രിസ്ത്യൻ പ്രസ്സ് ഫെല്ലോഷിപ്പ് എന്ന സംഘടനയോട് ചേർന്ന് പ്രവർത്തിക്കുവാൻ താത്പര്യമുള്ള ക്രിസ്ത്യൻ പ്രസിദ്ധീകരണങ്ങളിൽ എഴുതുന്നവരും സാഹിത്യഭിരുചിയുള്ള വ്യക്തികളെയും ചേർത്ത് സി.പി.എഫ്. വിപുലീകരിക്കുന്നതിന്റെ ഭാഗമായി 2012 ഏപ്രിൽ 30-ാം തീയതി പകൽ ഒരു മണിയ്ക്ക് പെരുമ്പാവൂർ ടി.ബി. കോൺഫ്രൻ ഹാളിൽ കൂടുന്ന പ്രത്യേക മീറ്റിങ്ങിലേക്ക് ക്ഷണിക്കുന്നു. കഥ, ലേഖനം, കവിത, നോവൽ എന്നിവയ്ക്കു പുറമേ പുസ്തകങ്ങൾ എഴുതുന്നവർക്കും പങ്കെടുക്കാം. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക. 94473 83764, 94472 69049, 97441 17891

## നർമ്മവും മർമ്മവും

കെ. പി. കിടങ്ങൂർ



അനുസ്മരണം



# അക്ഷരങ്ങളുടെ ലോകത്തിൽ നിന്നും അനശ്വരതയുടെ തീരത്തേയ്ക്ക്

**രാ**ജാവിനുവേണ്ടി അനേകം കൃതികൾ രചിച്ച സമർത്ഥനായ ഒരു എഴുത്തുകാരനായിരുന്നു ഡോ. ജി. സുശീലൻ. ക്രൈസ്തവ കൈരളിക്ക് നികത്താനാവാത്ത ഒരു അദ്ധ്യായം അടഞ്ഞു എന്ന് പറയുന്നതാണ് ശരി. 2012 ജനുവരി 4 ക്രൈസ്തവ ഗോളത്തെ ഞെട്ടിപ്പിക്കുന്ന ഒരു വാർത്തയാണ് 66-ാമത്തെ വയസിലുള്ള തന്റെ യാത്ര. ജനുവരി 7 ന് സംസ്കാരം നടത്തി.

ഈടുറ്റ അനേകം സാഹിത്യസംഭാവനകൾ ക്രൈസ്തവർക്ക് സമ്മാനിച്ച ഇദ്ദേഹം വേർപാടുകാർക്ക് മാത്രമല്ല ഇതര ക്രൈസ്തവ സമൂഹത്തിന് വളരെ സുപരിചിതനാണ്. തിരുവനന്തപുരം മലയിൻകീഴ് ഗ്രാമത്തിൽ ജോർജ്ജ് - എൽസി ദമ്പതികളുടെ മകനായി ജനിച്ചു. തുമരിച്ചാൽ ലൂഥറൻ എൽ.പി. സ്കൂളിലും മലയിൽകീഴ് ഗവൺമെന്റ് എച്ച്.എസിലുമായി വിദ്യാഭ്യാസം പൂർത്തിയാക്കി. കേരളായൂണിവേഴ്സിറ്റിയിൽ നിന്നും മലയാളം, ഹിസ്റ്ററി, ഫിലോസഫി, സോഷ്യോളജി എന്നീ വിഷയങ്ങളിൽ ബിരുദാനന്തരബിരുദവും, മദ്രാസ് യൂണിവേഴ്സിറ്റിയിൽ നിന്നും ലൈബ്രറി സയൻസിൽ മാസ്റ്റർ ബുരുദവും സെറാമ്പൂർ കോളേജിൽ നിന്നും ബി.ഡി. ബിരുദവും നേടിയ സഹോദരൻ കന്യാകുമാരി മാർത്താണ്ഡം നേശമണി മെമ്മോറിയൽ ക്രിസ്ത്യൻ കേളേജിൽ മലയാള അദ്ധ്യാപകനായി ജോലി ചെയ്തു. പിന്നീട് ലൈബ്രറിയനായി പ്രവർത്തിച്ചിട്ടുണ്ട്. അവിവാഹിതനായിരുന്ന താൻ വായനയിലും പഠനത്തിലും സമയം കണ്ടെത്തിയിരുന്നു. ഗ്രീക്ക്, എബ്രായ, ലത്തിൻ, സംസ്കൃതം, ഇംഗ്ലീഷ്, ഹിന്ദി, തമിഴ്, മലയാളം എന്നീ ഭാഷകളിൽ അഗാത പാണ്ഡിത്യവും നേടിയിട്ടുണ്ട്. ബൈബിളിലും ഭാഷയിലും തനിക്കുള്ള അറിവിന്റെ തെളിവാണ് ഇംഗ്ലീഷിലും മലയാളത്തിലുമായ് സുശീലൻ രചിച്ചിട്ടുള്ള ഇരുപത്തിമൂന്നിലധികം ഈടുറ്റ ഗ്രന്ഥങ്ങൾ. അനേകം പരിഭാഷകളും താൻ നിർവ്വഹിച്ചിട്ടുണ്ട്. പ്രവചന പ്രദീപിക എന്ന ക്രൈസ്തവ പ്രസിദ്ധീകരണത്തിന്റേയും വചന ധ്വനി എന്ന മാസികയുടെയും പത്രാധിപ സമിതിയംഗമായി പ്രവർത്തിച്ചിട്ടുണ്ട്.

വേർപാടുകാർക്ക് മഹാകവി കെ.വി. സൈമൺ സാറു കഴിഞ്ഞാൽ അക്ഷരലോകത്തെ വർണ്ണോജ്വലമായ മുത്തായിരുന്നു സുശീലൻ. അറിവിന്റെ ആഴക്കയത്തിൽ മുങ്ങി വിജ്ഞാനത്തിന്റെ അമൂല്യമായ മുത്തുകൾ (ചിപ്പികൾ) പെറുക്കിയെടുക്കുമ്പോഴും സമ്പൂർണ്ണ വിനയമുള്ള ഒരു ദേഹമായിരുന്നു. ആറര പതിറ്റാണ്ടുകൊണ്ട് ഒരു പുരുഷായുസ്സ് മുഴുവനും ചെയ്തുതീർക്കുവാൻ കഴിയാത്ത അനവധി കാര്യങ്ങൾ താൻ ചെയ്ത് തീർത്തു. അക്ഷരങ്ങൾ കൊണ്ട് ഒരു പുരുഷായുസ് തീർത്ത വ്യക്തിയാണ് സുശീലൻ. എന്നാൽ ആ നിലയിലുള്ള ഒരാദരവ് തനിക്ക് ലഭിച്ചില്ല. മറക്കുന്ന അധരസ്വരത്തിന് അമിതപ്രാധാന്യം നല്കുകയും അവർക്ക് അവസരങ്ങൾ നല്കുകയും കയ്യടി നല്കുകയും ചെയ്യുമ്പോൾ അക്ഷരങ്ങൾക്കൊണ്ട് ആയിരങ്ങൾക്ക് വിജ്ഞാനപ്രദമായ മൂല്യങ്ങൾ നല്കുന്നവരെ അവഗണിക്കുന്ന പ്രവണതയാണ് ഇന്ന് ക്രൈസ്തവരുടെ ഇടയിലുള്ളത്. അതുകൊണ്ടുതന്നെ സുശീലൻ സാറിന് വേർപാടുകാരുടെ മദ്ധ്യത്തിൽ വേണ്ടത്ര ശ്രദ്ധയും അംഗീകാരവും ലഭിച്ചില്ല എന്നത് ശരിയാണ്. തനിക്കതിൽ പരിഭവുമില്ല.

ഡോ. സുശീലന്റെ കൃതികളിൽ അധിക പങ്കും ജി.എൽ.എസ് ആണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ബൈബിൾ നിഘണ്ടുവായ 'ബൈബിൾ ശബ്ദസാഗരം' തന്റെ അമൂല്യ കൃതികളിൽ ഒന്നാണ്. ബൈബിളിലെ സമസ്ത പദങ്ങൾക്കും സമഗ്രമായ വിശദീകരണം നല്കുന്ന ഒറ്റ ഗ്രന്ഥം മതി തന്റെ നാമം അവിസ്മരണീയമാക്കാൻ. അദ്ദേഹത്തിന്റെ തൂലികയ്ക്ക് വിശ്രമമുണ്ടായിരുന്നില്ല. മലയാളം ബൈബിൾ കൺകോഡൻസ്, പ്രവചന പ്രബോധിനി, വ്യവസ്ഥിത ദൈവ ശാസ്ത്രം ഇതെല്ലാം തന്റെ കൃതികളിൽ ചിലതാണ്. സമ്പൂർണ്ണ ബൈബിൾ വിജ്ഞാന ഭാഷ്യം എന്ന തന്റെ പരിശ്രമം പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. രണ്ട് വാല്യങ്ങളായി പഴയ നിയമത്തിന്റെ ചരിത്ര ഭാഗങ്ങൾ മാത്രം പുറത്തിറക്കുവാനെ സാദിച്ചുള്ളു. സങ്കീർത്തനങ്ങൾ വരെ താൻ എഴുതി പൂർത്തീകരിച്ചതായി പറയപ്പെടുന്നു. ഇംഗ്ലീഷിലും ഇതര ഭാഷകളിലുമായിയുള്ള തന്റെ പാണ്ഡിത്യമാണ് ഇങ്ങനെ വിപുലമായ പഠനത്തിന് പ്രേരിപ്പിച്ചതും, അധ്വാനിച്ചതും. എന്നാൽ അത് പൂർത്തീകരിക്കുവാൻ കഴിഞ്ഞില്ല. സുശീലന്റെ തൂലികയുടെ ചലനം അറ്റുപോയി. എന്നാൽ അദ്ദേഹം കുറിച്ചിട്ട അക്ഷരം ഇന്നും ജീവിക്കുന്നു.

*(കടപ്പാട് : സുവിശേഷകൻ മാസിക)*

---

ക്രിസ്തീയ സഭയും ശുശ്രൂഷാക്രമവും — തുടർച്ച

# സ്ഥലം സഭയും ശിക്ഷണക്രമവും

ഡോ. ജോൺസൺ സി. ഫിലിപ്പ് & ഡോ. സനീഷ് ചെറിയാൻ

**പാ**പപങ്കിലമായ ജീവിതത്തിൽ നിന്നും യേശുക്രിസ്തുവിലുള്ള വിശ്വാസത്താലും കൃപയാലും രക്ഷിക്കപ്പെട്ടവരാണല്ലോ സഭാംഗങ്ങൾ. ആത്മികമായി രക്ഷപ്രാപിച്ചവർ ജഡത്തിൽ തന്നെ ജീവിക്കുന്നതിനാൽ പലവിധ പാപങ്ങളും ജീവിതത്തിൽ കടന്നുകൂടാനുള്ള സാധ്യതയുണ്ട്. മരണകരമായ പാപവും മരണത്തിനല്ലാത്ത പാപവുമുണ്ട് (1 യോഹ. 5:16,17). രക്ഷിക്കപ്പെട്ടവരുടെ ശരീരം പരിശുദ്ധാത്മാവിന്റെ മന്ദിരമാകയാൽ ആ ശരീരംകൊണ്ട് ദൈവനാമത്തിന്നപമാനം വരുത്തുന്ന വ്യക്തികൾക്കതു മരണഹേതു ആകാം. രോഗഹേതുവായ പാപങ്ങളുമുണ്ട് (1 കൊരി 11:30). അതേസമയം തന്നെ പാപങ്ങളെ ഏറ്റുപറയുമ്പോൾ ക്ഷമിക്കുന്ന ഒരു കർത്താവാണ് നമുക്കുള്ളത് (1 യോഹ. 1:7-10; 2:1-2). ഏതു പാപങ്ങൾക്കു ഏതു ശിക്ഷ നൽകണമെന്നതും ക്രിസ്തുവിന്റെ പരമാധികാരത്തിൽപ്പെട്ട കാര്യമാണ്.

ദൈവത്തിന്റെ സഭയെ പരിപാലിക്കാൻ ദൈവം നിയോഗിച്ചാക്കിയ ശുശ്രുഷകർക്കും ചില ശിക്ഷണ സ്വാതന്ത്ര്യം തിരുവചനം അനുശാസിക്കുന്നു.

1. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കും ഭയം ഉണ്ടാകേണ്ടതിനു പരസ്യമായി ശാസിക്കുക (1 തിമൊ. 5:20). എല്ലാ തെറ്റുകളും പരസ്യമായി ശാസിക്കേണ്ടതില്ല. സഭയുടെ സാക്ഷ്യത്തിനും ക്രിസ്തുവിന്റെ നാമത്തിന്നപമാനവുമായിത്തീരാവുന്ന കാര്യങ്ങൾ, ഉപദേശപരമായ പിശകുകൾ എന്നിവയെ പരസ്യമായി ശാസിക്കാം. സഭയെ പരിപാലിക്കാൻ ദൈവം നിയോഗിച്ചാക്കിയ ശുശ്രൂഷകർക്കു വിവേചനവരം ദൈവാത്മാവ് നൽകിയിട്ടുണ്ട്.

2. പക്ഷമായി ചെയ്യരുത് (1 തിമൊ. 5:21). തെറ്റിനോടുള്ള ബന്ധത്തിൽ മുഖപക്ഷം കാണിക്കാനായി പാടില്ല. ശാസിക്കേണ്ട കാര്യങ്ങൾ ശാസിക്കുകതന്നെ വേണം.

3. വേഗത്തിൽ കൈവെക്കരുത് (1 തിമൊ. 5:22). ഒരു വിഷയം കൈകാര്യം ചെയ്യുമ്പോൾ സംയമനം പാലിക്കേണ്ടതുണ്ട്. വേഗത്തിൽ നടപടി എടുക്കാൻ സർവ്വാധികാരം കർത്താവ് നൽകിയതായി വചനത്തിൽ കാണുന്നില്ല. പ്രാർത്ഥനയാലും തിരുവചന വെളിച്ചത്തിലും വേണം അച്ചടക്ക നടപടി എടുക്കാൻ. തന്റെ അധികാരം പ്രകടിപ്പിക്കാനുള്ള വേദിയായോ വ്യക്തിവൈരാഗ്യം തീർക്കാനുള്ള അവസരമായോ ഈ സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്യരുത്.

തെറ്റു ചെയ്ത വിശ്വാസി നശിച്ചു പോകണമെന്ന ചിന്തയോടെ പ്രവർത്തിപ്പാൻ പാടില്ലെന്നു ദൈവവചനം കൽപ്പിക്കുന്നു. ഒരുവനാൽ ഒരുവൻ ഒടുങ്ങിപ്പോകരുത്. തെറ്റു ചെയ്ത് വിശ്വാസം വിട്ടുഴലുവാൻ ഇടയാകരുത് (ഗലാ. 5:15). തെറ്റു ചെയ്തവനെ ശത്രു എന്നു വിചാരിക്കാതെ അവനെ യഥാസ്ഥാനപ്പെടുത്തണം എന്നതാണ് പ്രമാണം (2 തെസ. 3:15). ആകയാൽ മുൻപു കണ്ടതുപോലെ വ്യക്തിപരമായി ശാസിക്കുകയാണ് ആദ്യപടി. ശാസന കൂട്ടാക്കാഞ്ഞാൽ സഹാശുശ്രൂഷകർ ചേർന്നു തെറ്റിനെ ബോദ്ധ്യപ്പെടുത്താം. ശുശ്രൂഷകരെ കൂട്ടാക്കാതെ തെറ്റിൽ തുടർന്നാൽ സഭയുടെ മുമ്പാകെ പരസ്യമായി ശാസിക്കാം. സഭയെയും കൂട്ടാക്കാഞ്ഞാൽ 1 കൊരി. 5:13-ൽ പറഞ്ഞപ്രകാരം അദ്ദേഹത്തിനു പാപത്തിൽ നിന്നുമാനസാന്തരം ഉണ്ടാകും വരെ സഭയിൽ നിന്നും മാറ്റി നിർത്താവുന്നതാണ് (1 തെസ. 3:14).

**സഭ കർത്താവിന്റേതാണ് എന്നും ശുശ്രൂഷകന്മാർ കേവലം ഗൃഹവിചാരകന്മാർ മാത്രമാണെന്നതുമായ വസ്തുത നാം കുറിക്കൊള്ളണം.**

ശുശ്രൂഷകന്മാരുടെ ജീവിതം സാക്ഷ്യമുള്ളതും വചനാനുസൃതവുമായിരിക്കണം. സ്വന്തം കണ്ണിൽ കോലിരിക്കെ വിശ്വാസികളുടെ കണ്ണിലെ കരടിനെതിരെ നടപടിക്കു തുനിയരുത്. സ്വന്തം ജീവിതത്തിലെ തെറ്റ് വിശ്വാസികൾക്ക് ഒരു അനുവാദചീട്ടായി തീരാതിരിക്കാനും ശുശ്രൂഷകന്മാർ ശ്രദ്ധിക്കണം.

ശുശ്രൂഷകനിൽ സ്ഥാനത്തിനു നിരക്കാത്ത പ്രവൃത്തി ഉണ്ടായാൽ ശുശ്രൂഷയിൽ നിന്നും മാറി നിൽക്കണം. സ്വയം മാറി നിൽക്കാത്ത ശുശ്രൂഷകനെ സഭയ്ക്കു ശുശ്രൂഷയിൽ നിന്നു മാറ്റി നിർത്താം. ദുർന്നടപ്പ്, ഉപദേശ പിശക്, വിശ്വാസത്യാഗം എന്നിവയിൽ സഭാ കൂട്ടായ്മയിൽ നിന്നുതന്നെ പരസ്യമായ തർജ്ജനത്തിലൂടെ മാറ്റി നിർത്താം (കർത്തൃമേശ എന്ന വിഷയത്തോടു ബന്ധപ്പെട്ടു കൂടുതൽ വിശദീകരണം നൽകിയിട്ടുണ്ട്). ഈ മൂന്നു കാര്യങ്ങളൊഴികെ ഒരു വ്യക്തിയെ കർത്തൃമേശയിൽ നിന്നു മാറ്റി നിർത്താനുള്ളസ്വാതന്ത്ര്യം കർത്താവ് സഭയ്ക്കു നൽകിയിട്ടില്ല.

വിശ്വാസികൾക്കെതിരെയായാലും ശുശ്രൂഷകർക്കെതിരെയായാലും എടുക്കുന്ന അച്ചടക്ക നടപടി വചനാനുസൃതവും സഭയ്ക്ക് ആ വിഷയത്തിൽ ബോദ്ധ്യം വരുത്തുന്നതുമായിരിക്കണം.

സഭ കർത്താവിന്റേതാണ് എന്നും ശുശ്രൂഷകന്മാർ കേവലം ഗൃഹവിചാരകന്മാർ മാത്രമാണെന്നതുമായ വസ്തുത നാം കുറിക്കൊള്ളണം.

ഇന്നു വിശ്വാസികൾക്കും ശുശ്രൂഷകർക്കുമെതിരെ നാം വചനപ്രകാരമാണോ നടപടി സ്വീകരിക്കുന്നത്? അതിൽ മുഖപക്ഷം ഉണ്ടാകുന്നുണ്ടോ? ശിക്ഷണ നടപടിക്കു പിന്നിലെ ചേതോവികാരമെന്ത്? (3 യോഹ. 9,10) തുടങ്ങിയ കാര്യങ്ങൾ ശോധന ചെയ്യണം.

കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രം നടപടി എടുക്കുന്നതും ശരിയല്ല. വ്യക്തമായ അന്വേഷണവും തെളിവുകളും ഉണ്ടാകണം. (1 തിമൊ. 5:19). ശുശ്രൂഷാരംഗത്ത് ശോഭിക്കുന്നവരെ ഒടുക്കിക്കളയുവാൻ ജഢികരായവർ എക്കാലത്തും ശ്രമിച്ചിട്ടുണ്ട്. വ്യക്തമായ തെളിവുകളും ദൈവമുമ്പാകെ ആരോപിതനായ വ്യക്തിയുടെ സാക്ഷ്യപ്പെടുത്തലും, ദൈവവചനാനുസൃതമായ തീരുമാനങ്ങളും ഈ കാര്യത്തിൽ ആവശ്യമാണ്.

*(അവസാനിച്ചു)*

# വിശ്വാസികൾക്കൊരു വെല്ലുവിളി

എസ്. സജ്ജീവി കൂത്താട്ടുകുളം
മൊബൈൽ : 9447668224



കുറച്ചു വർഷങ്ങൾക്കുമുമ്പ് അക്രൈസ്തവനായ ഒരു സ്നേഹിതൻ ഒരു ചോദ്യം ഉന്നയിച്ചിട്ടു വ്യക്തമായൊരു മറുപടി നല്കണം എന്നാവശ്യപ്പെട്ടു. നിങ്ങളുടെ 'പുതിയ നിയമപ്രകാരം' ഒരു യഥാർത്ഥ ക്രിസ്ത്യാനിക്ക് സമ്പന്നനായിരിക്കുവാൻ കഴിയുമോ എന്നതായിരുന്നു ചോദ്യം. ഇല്ല, ഒരിക്കലുമില്ല എന്ന് ഒട്ടും ചിന്തിക്കാതെതന്നെ ഉത്തരം കൊടുത്തു. ഒരു ചെറുചിരിയോടെ താൻ പറഞ്ഞ മറുപടി കേട്ടു തെല്ലൊന്നാശ്ചര്യപ്പെട്ടു എന്നതാണ് യാഥാർത്ഥ്യം. "നിങ്ങളിൽ രണ്ടുള്ളവൻ ഒന്നില്ലാത്തവനു കൊടുക്കട്ടെ എന്നാണ് യേശുക്രിസ്തു പഠിപ്പിച്ചത്".

രണ്ടു ദശകങ്ങൾക്കുശേഷം ഇതു ഓർക്കുവാൻ കാരണം ഈ ഫെബ്രുവരി 2-ന് മലയാള മനോരമപത്രത്തിൽ വന്ന 'കോടി പുണ്യത്തോടെ അംബിക ക്വാർട്ടേഴ്സിലേക്ക്' എന്ന വാർത്തയാണ്. "ഇല്ലാത്തവരും ഇല്ലാത്തവർക്ക് കൊടുക്കാറുണ്ട്" എന്ന അടിക്കുറുപ്പോടെ ഒരു ഫോട്ടോയും കൊടുത്തിരുന്നു. (കോട്ടയം എഡിഷൻ).

സ്വന്തമായി വീടോ സ്ഥലമോ ഇല്ലാത്ത പെരുമൺ സ്വദേശിയായ അംബിക എന്ന വീട്ടമ്മ തനിക്ക് കൊല്ലം അഷ്ടമുടിക്കായലിന്റെ തീരത്ത് ആരും കൊതിക്കുന്ന ലക്ഷങ്ങൾ വിലമതിക്കുന്ന പതിനേഴര സെന്റ് ഭൂമി മുഴുവൻ വീടോ ഭൂമിയോ ഇല്ലാതെ നിർദ്ദനരായി കഴിഞ്ഞിരുന്ന നാലു കുടുംബങ്ങൾക്കായി വീതിച്ചു നൽകി. ഭർത്താവിനോടും മക്കളോടും കൂടെ ഭർത്താവിന്റെ ജോലി സ്ഥലമായ ഷിമോഗായിൽ ക്വാർട്ടേഴ്സിലാണ് ഇവരുടെ താമസം. ഇവരുടെ വിവാഹ സമയത്ത് പണം നൽകാൻ മാർഗ്ഗമില്ലാതിരുന്ന പിതാവ് മകൾക്കു നൽകിയ ഭൂമിയാണ് അംബിക ദാനം ചെയ്തത്. ഹെക്ടർ കണക്കിനു സ്ഥലമുള്ളവർ ഒരു മാടക്കട വയ്ക്കാൻ ഒരു സെന്റു ഭൂമി വിലയ്ക്കു പോലും കൊടുക്കാതിരിക്കുന്നവരുടെ മദ്ധ്യത്തിലാണ് സഹജീവികളോടു ഒരു സാധാരണ വനിതയുടെ സ്നേഹവും കരുതലും ശ്രേഷ്ഠമാകുന്നത്.

ഇതിനു തുല്യമായ ചില സംഭവങ്ങൾ ബൈബിൾ ചരിത്രത്തിലുണ്ട്. ദൈവാലയത്തിലെത്തിയ വിധവ തന്റെ കയ്യിലുണ്ടായിരുന്ന രണ്ട് കാശ് ഭണ്ഡാരത്തിലിട്ടത് മനസിലാക്കിയ കർത്താവ് അവളുടെ പ്രവൃത്തിയെ ശ്ലാഘിച്ചത് പുതിയ നിയമത്തിലെ സുവർണ്ണരേഖയാണ്.

അതിലുമുപരി ഇതിനുള്ള ഉദാത്തമായ മാതൃക സാക്ഷാൽ ദൈവം തമ്പുരാൻ തന്നെയാണ്. ലോകത്തിൽ നശിച്ചുകൊണ്ടിരുന്ന മനുഷ്യവർഗ്ഗത്തെ വീണ്ടെടുക്കുവാൻ തനിക്കു ആകെ ഉണ്ടായിരുന്ന ഏകജാതനായ പുത്രനെ നല്കികൊണ്ട് ലോകത്തെ സ്നേഹിച്ചുവെന്നത് ഇവിടെ ശ്രദ്ധേയമാണ്. ശത്രുക്കളായിരുന്ന നമ്മെ സ്നേഹിച്ചു എന്നാണ് പൗലോസ് അപ്പോസ്തലൻ പറയുന്നത്.

ദൈവമക്കളെന്ന നിലയിൽ നമുക്കു ലഭിക്കുന്നതെന്തും ദൈവദാനമാണ്. "അവൻ നല്കീട്ടല്ലാതെ ആർ ഭക്ഷിക്കും? അർ അനുഭവിക്കും?" (സഭാ.പ്ര. 2:25). എല്ലാദാനവും തികഞ്ഞ വരമൊക്കെയും ഉയരത്തിൽ നിന്നും വെളിച്ചങ്ങളുടെ പിതാവിങ്കൽ നിന്നു ഇറങ്ങിവരുന്നു (യാക്കോ. 1:19). അതുകൊണ്ട് ഈ ലോകത്തിൽ പരിമിതമായ നാളുകൾ മാത്രം ജീവിപ്പാൻ അവസരം ലഭിച്ചിരുന്ന നമുക്ക് ലഭിക്കുന്ന ഒരു നന്മയിലും ദാദാവിനേക്കാൾ കൂടുതൽ സ്നേഹിക്കുവാൻ അനുവാദമില്ല.

ദൈവം നല്കുന്ന എല്ലാ ആത്മിക അനുഗ്രഹങ്ങളുടെയും ഭൗതീക നന്മകളുടെയും ഉദ്ദേശ്യം അതു നമുക്കും മറ്റുള്ളവർക്കും ഉപകാരപ്പെടേണം എന്നതാണ്. ഇതു മനസ്സിലാക്കി വർത്തിക്കയെന്നത് ദുഷ്കരം തന്നെ. "അവനവനാത്മസുഖത്തിനായി ചെയ്യുന്നതപരന്റെ ഗുണത്തിനായ് വരേണം" എന്ന കവി വാക്യം സ്മരണീയമാണ്.

ദൈവമക്കളെന്നു അവകാശപ്പെടുന്നവരിൽ പലർക്കും ഭൗതീക വിഷയങ്ങൾ സംബന്ധിച്ച് ദൈവവചനത്തിന്റെ വെളിപ്പെടുത്തലുകൾ വേണ്ടത്ര ബോദ്ധ്യം ഇല്ലതന്നെ. കർത്താവിൽ വിശ്വസിച്ചതിനാലോ അവിടത്തെ ശുശ്രൂഷ ചെയ്യുന്നതിനാലോ ദാരിദ്ര്യമോ ബുദ്ധിമുട്ടുകളോ അനുഭവിക്കുന്നത് കുറച്ചിലായി കാണുന്നവരും അതു ദൈവീക അനുഗ്രഹങ്ങളുടെ കുറവായി കാണുന്നവരും കുറവല്ല.

ഈ ലോകത്തിൽ ജീവിക്കുമ്പോൾ ജീവിതത്തിനാവശ്യമായത് മാത്രമേ നാം പ്രതീക്ഷിക്കാവൂ, അന്നന്നത്തേയ്ക്കുള്ളതാണാവശ്യം. "ഉൺമാനും ഉടുപ്പാനും ഉണ്ടെങ്കിൽ മതി എന്ന് നാം വിചാരിക്കുക" എന്നാണ് വചനം ആവശ്യപ്പെടുന്നത് (1 തിമൊ. 6:8). ഇങ്ങനെ മതി എന്നു വിചാരിക്കുന്ന ഒരാൾക്കു എങ്ങനെ ധനികനായിത്തീരാനാകും? മാത്രമല്ല മുമ്പു ഓർപ്പിച്ച സ്നേഹിതൻ സൂചിപ്പിച്ചതുപോലെ നമ്മുടെ കർത്താവ് കല്പിച്ചത് ഉള്ളവൻ ഇല്ലാത്തവന് കൊടുക്കുക എന്നാണ്. ഇല്ലാത്തവൻ ഇല്ലാതെ വരുന്നതേയില്ല. അങ്ങനെയെങ്കിൽ നമുക്ക് ഈ ലോകത്തിൽ ദൈവം നൽകുന്ന ആത്മിക ഭൗതീക നന്മകളെ മറ്റുള്ളവരുടെ ഗുണത്തിനായി കൂടെ പ്രയോജനപ്പെടുത്തുവാൻ നമുക്കാകുന്നുണ്ടോ എന്നു നാം ഓരോരുത്തരും ചിന്തിക്കേണ്ടതാണ്. ഈ വിഷയത്തിൽ സാധാരണ വിശ്വാസികളും അതിലുപരി വചനപ്രഘോഷിതരായ ദൈവദാസന്മാരും ഒരു വിചിന്തനത്തിനു തയ്യാറാകേണം.

നമുക്കു പ്രാഥമിക ജീവിതാവശ്യമായിവരുന്ന ഒന്നും നിഷേധിക്കേണ്ടതില്ല. ഭക്ഷണം, വസ്ത്രം, യാത്രചെയ്യുവാൻ അത്യാവശ്യമുള്ള വാഹനങ്ങൾ പരദേശപ്രയാണത്തിൽ തലയൊളിക്കുവാൻ ഒരു പാർപ്പിടം ഇവയൊന്നും വേണ്ടതില്ല എന്നുമല്ല. നമുക്കു ലഭിക്കുന്ന സമ്പത്തിൽ നല്ലൊരു പങ്കും നാം തലമുറകൾക്കായി സ്വരുകൂട്ടിവച്ചിരിക്കയല്ലേ? ഇവിടെ "തന്റെ കുടുംബത്തിനുവേണ്ടി കരുതാത്തവൻ.... അധമനാകുന്നു" (1 തിമൊ. 5:8) എന്നതു എടുത്തു പ്രയോഗിക്കുമ്പോൾ തന്റെ കുടുംബം എന്നാൽ വരുന്ന അനേകം തലമുറകൾ എന്നു വരുന്നില്ല എന്നതു തിരിച്ചറിയണം.

കോടികൾ ബാങ്കുകളിലും നിലങ്ങളിലുമൊക്കെയായ് സ്വരുക്കൂട്ടിയിരിക്കുന്നത് ഇന്നു കർത്താവ് വന്നാൽ ആരുപയോഗിക്കും? സംശയമില്ല, അന്തിക്രിസ്തുവും അവന്റെ ആളുകളും തന്നെ. അതുമല്ല, നമ്മുടെ അടുത്ത തലമുറ ഇത് ദുരുപയോഗം ചെയ്തു ദൈവനിഷേധികളായി ജീവിക്കയില്ല എന്നാരറിഞ്ഞു.

ഏറിയ ആണ്ടുകൾക്കു മതിയായ അനവധിയായ വസ്തുവക സ്വരൂപിച്ചുവച്ച (ലൂക്കോ. 12:16-20). മൂഢനായ മനുഷ്യനെക്കുറിച്ചുള്ള കർത്താവിന്റെ വാക്കുകൾ ഉദ്ധരിച്ചു വാക്ചാതുര്യത്തോടെ പ്രസംഗിക്കാറുണ്ടെങ്കിലും പാപികളോട് മാത്രമേ അതു തുലനപ്പെടുത്താറുള്ളൂ എന്നത് വിരോധാഭാസമാണ്.

ഇവിടെയുള്ള ധനാഢ്യരായ വിശ്വാസികളെല്ലാവരും തങ്ങളുടെ വസ്തുവകകളെല്ലാം ദരിദ്രർക്ക് കൊടുത്തു പാപ്പരായി ജീവിക്കണമെന്നല്ല. നമുക്കു ദൈവം നൽകുന്നവയെ നമ്മുടെ സമസൃഷ്ടികൾക്കും കുറഞ്ഞപക്ഷം ഒരു പിതാവിന്റെ മക്കൾ എന്നു (ആരാധനാസമയമെങ്കിലും) അവകാശപ്പെടുന്ന സഹവിശ്വാസികൾക്കെങ്കിലും പ്രയോജനപ്പെടുന്നില്ലെങ്കിൽ നാം ദൈവ സന്നിധിയിൽ കണക്കു പറയേണ്ടിവരുമെന്നത് ഓർത്തിരിക്കേണ്ടതാണ്.

"ഒരു സഹോദരനോ സഹോദരിയോ നഗ്നനും അഹോവൃദ്ധിക്കുവകയില്ലാത്തവരുമായിരിക്കെ... അവരോട് സമാധാനത്തോടെ പോയി തീ കായുകയും വിശപ്പടക്കുകയും ചെയ്വിൻ എന്നു പറയുന്നതല്ലാതെ ദേഹരക്ഷയ്ക്കു ആവശ്യമുള്ളതു അവർക്കു കൊടുക്കാതിരുന്നാൽ ഉപകാരം എന്തു?" (യാക്കോ. 2:15-16) എന്ന യാക്കോബിന്റെ വാക്കുകളുടെ ഗൗരവ്വത്തെ നാം അവഗണിക്കരുത്.

ഈ ലോകത്തിലെ മനുഷ്യരിൽ ഇല്ലാത്തവർ ഇല്ലാത്തവർക്കു കൊടുക്കുന്നതു കാണുമ്പോഴെങ്കിലും അതു വിശ്വാസികളായ നമുക്ക് ഒരു വെല്ലുവിളിയായിത്തീരട്ടെ. ●

# തിരുവെഴുത്തുകളുടെ കാനോനികത
# The canonicity of the scripturs

സുവി. ബിനോയ് മാണി
മൂവാറ്റുപുഴ

തുടർച്ച

**B. പഴയ നിയമ കാനോനിക ഗ്രന്ഥങ്ങൾ**

യഹൂദന്മാരുടെ കണക്കുപ്രകാരം പഴയ നിയമ കാനോനിക ഗ്രന്ഥങ്ങൾ 24 ആണ്. ഈ 24 ഗ്രന്ഥങ്ങളിൽ നമ്മുടെ പഴയ നിയമത്തിലെ 39 ഗ്രന്ഥങ്ങളും അടങ്ങിയിട്ടുണ്ട്. നിയമം 5, പ്രവാചകന്മാർ 8, എഴുത്തുകൾ 11, മോശയുടെ പഞ്ചഗ്രന്ഥങ്ങളാണ് നിയമം. (ഉല്പത്തി, പുറപ്പാട്, ലേവ്യാ, സംഖ്യാ, ആവർത്തനം) പ്രവാചകന്മാർ എന്നത് ആദ്യകാല പ്രവാചകന്മാർ 4 (യോശുവ, ന്യായാധിപന്മാർ, ശമുവേൽ, രാജാക്കന്മാർ) പിൽക്കാല പ്രവാചകന്മാർ 4 (യെശയ്യാവ്, യിരമ്യാവ്, യെഹസ്ക്കിയേൽ, ചെറുപ്രവാചകന്മാർ) എന്നിങ്ങനെ രണ്ടായി തരംതിരിച്ചിരിക്കുന്നു. എഴുത്തുകളെ കാവ്യഗ്രന്ഥങ്ങൾ (സങ്കീർത്തനങ്ങൾ, സദൃശ്യവാക്യങ്ങൾ, ഇയ്യോബ്), 5 ചുരുളുകൾ (ഉത്തമഗീതം, രൂത്ത്, വിലാപങ്ങൾ, സഭാപ്രസംഗി, എസ്ഥേർ), മൂന്ന് ചരിത്രഗ്രന്ഥങ്ങൾ (എസ്ര, നെഹമ്യാവ്, ദിനവൃത്താന്തങ്ങൾ) എന്നിങ്ങനെ തിരിച്ചിട്ടുണ്ട്. ഈ ക്രമീകരണം കർത്താവ് അംഗീകരിച്ചിട്ടുള്ളതുമാണ്. ഈ 24 (39) ഗ്രന്ഥങ്ങളെ കൂടാതെ യാതൊരു ഗ്രന്ഥവും എബ്രായ ബൈബിളിന്റെ ഭാഗമായി യഹൂദന്മാർ സ്വീകരിച്ചിട്ടില്ല. നിശബ്ദ കാലഘട്ടത്തിന്റെ അന്ത്യനൂറ്റാണ്ടുകളിൽ എഴുതിയ പതിനഞ്ചോളം ഗ്രന്ഥങ്ങളെ (ഉത്തര കാനോനിയം/അപ്പൊക്രീഫാ) എബ്രായ ബൈബിളിന്റെ ഗ്രീക്ക് പരിഭാഷയായ സെപ്റ്റ്വാജിന്റിൽ (LXX)ന്റെ പല കയ്യെഴുത്തു പ്രതികളിലും ഉൾപ്പെടുത്തിയിട്ടുണ്ട്. 1545-63 കാലഘട്ടത്തിൽ നടന്ന ത്രെന്റ് കൗൺസിൽ കത്തോലിക്കാ ബൈബിളിൽ ഏഴ് ഉത്തര കാനോനിക ഗ്രന്ഥങ്ങൾ കൂടെ കാനോനിക ഗ്രന്ഥങ്ങളായി ചേർത്തു.

**എന്തുകൊണ്ട് നാം ഉത്തരകാനോനിക ഗ്രന്ഥങ്ങളെ സ്വീകരിക്കുന്നില്ല?**

1. ദൈവത്തിന്റെ അരുളപ്പാടുകളായ തിരുവെഴുത്തുകളെ ഭരമേൽപ്പിച്ചിരുന്ന യഹൂദന്മാർ ഒരിക്കലും 39 പുസ്തകങ്ങൾക്കു വെളിയിൽ യാതൊരു ഗ്രന്ഥവും കാനോനികമായി സ്വീകരിച്ചിരുന്നില്ല. റോമൻ 3:2. ഒന്നാമത് ദൈവത്തിന്റെ അരുളപ്പാടുകൾ അവരുടെ പക്കൽ സമർപ്പിച്ചിരിക്കുന്നതുതന്നെ.

2. യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ഇതേ പാരമ്പര്യം തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്. കാനോനിക ഗ്രന്ഥങ്ങളിൽ നിന്നും നൂറുകണക്കിന് ഉദ്ധരണികൾ ഉണ്ടായിരിക്കേ, ഉത്തര കാനോനിക ഗ്രന്ഥത്തിൽ നിന്നും ഒരൊറ്റ ഉദ്ധരണിപോലും നാം കാണുന്നില്ല.

3. പഴയ നിയമത്തിലെ അന്ത്യപ്രവാചകനായിരുന്നു മലാഖി (യൊസീഫസിന്റെ സാക്ഷ്യം) ക്കുശേഷം യോഹന്നാൻ സ്നാപകനാണ് പ്രവാചകനായി ഉണ്ടായിരുന്നത്. പ്രവാചകന്മാർ ഇല്ലാതിരുന്ന കാലത്ത് ദൈവവചനം എഴുതുവാൻ സാധിക്കുകയില്ല.

4. ഉത്തര കാനോനിക ഗ്രന്ഥങ്ങളിൽ ധാരാളം ചരിത്രപരവും ഉപദേശപരവും ആയ തെറ്റുകൾ ഉണ്ട്. കൂടാതെ അനേക കിഴവിക്കഥകളും അവയിൽ ഉണ്ട്. ദൈവവചനത്തിന്റെ ആന്തരിക സ്വഭാവത്തിന് നിരക്കാത്തവയാണിവ.

5. ദേവാലയത്തിലും സിനഗോഗുകളിലും വായനക്കും പഠനത്തിനും ഉപയോഗിച്ചിരുന്നത് എബ്രായ ബൈബിൾ മാത്രമാണ്. ഇതിൽ 39 പുസ്തകങ്ങളല്ലാതെ ഒന്നും കൂടുതൽ ഉണ്ടായിരുന്നില്ല.


6. സെപ്റ്റ്വാജിന്റ് നിർമ്മിച്ചതിന്റെ ഉദ്ദേശ്യം ദൈവവചനം നിലനിർത്തുക എന്നുള്ളതായിരുന്നില്ല. ഒരു ഉത്തമ സാഹിത്യകൃതി എന്ന നിലയിൽ യവനഭാഷ സംസാരിക്കുന്നവർക്ക് വായിക്കേണ്ടതിനായിട്ടാണ് അലക്സന്ത്രിയായിലെ പണ്ഡിതന്മാർ പരിഭാഷ ചെയ്തത്. ഇതിന്റെ എല്ലാ കയ്യെഴുത്തു പ്രതികളിലും ഉത്തര കാനോനിക ഗ്രന്ഥങ്ങളില്ല. സെപ്റ്റ്വാജിന്റിന്റെ ഏറ്റവും പഴക്കം ചെന്ന കയ്യെഴുത്തുപ്രതി എ.ഡി. 350ലെയാണ്. അതുകൊണ്ട് അപ്പൊസ്തലിക കാലത്ത് സെപ്റ്റ്വാജിന്റിൽ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നുവോ എന്നു പറയുവാൻ സാധിക്കുകയില്ല.

7. അപ്പൊക്രീഫാ അടങ്ങിയ കയ്യെഴുത്തു പ്രതികളിൽ അപ്പൊക്രീഫാ പുസ്തകങ്ങളുടെ എണ്ണം പലതിലും പലവിധത്തിലാണ്. കാരണം അപ്പൊക്രീഫാ ഗ്രന്ഥങ്ങളെ കാനോനികമായി പരിഗണിച്ചിട്ടില്ലാത്തതുമൂലം അവയെ ചേർക്കുകയോ ചേർക്കാ

(ശേഷം പേജ് 5)

ബൈബിളിലെ ഇഷ്ട കഥാപാത്രം-11

റോയി മീമ്പാറ



# വിശ്വാസവീരനായ മോശെ



യിസ്രായേൽ മക്കളെ മിസ്രയിമിന്റെ അടിമത്വത്തിൽ നിന്നും വിടുവിച്ച് വാഗ്ദത്തദേശത്ത് പ്രവേശിക്കുവാൻ സഹായിച്ച ജനനായകനായിരുന്നു മോശെ. യിസ്രായേൽ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ കാലഘട്ടത്തിലായിരുന്നു മോശെയുടെ ജനനം. ഏകദേശം ബി.സി. 1520 ആണ് താൻ ജനിക്കുന്നത്. യിസ്രായേൽ ജാതിയ്ക്ക് ജനിക്കുന്ന ആൺകുഞ്ഞുങ്ങളെയെല്ലാം കൊന്നുകളയണം എന്ന ഭയാനകമായ രാജാകല്പന നിലവിലുള്ളപ്പോഴാണ് തന്റെ ജനനം. ഒരു സാധാരണ ജനനമല്ലായിരുന്നു. കാരണം ഒരു പ്രത്യേക നിയോഗത്തിനു വേണ്ടിയാണ് ജനനം. ഇത് മനസിലാക്കിയ മോശെ ഫറവോന്റെ കൊട്ടാരത്തിൽ ഒരു രാജകുമാരനായി വളർന്നു.

മോശെ എന്നവാക്കിന് "വലിച്ചെടുക്കപ്പെട്ടവൻ" എന്നാണർത്ഥം 'മോഷെഹ്' എന്ന എബ്രായ രൂപമാണ് മോശെ എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്. തുത്ത്മോസ്, അഹ്മൊസ് എന്നീ പേരുകളുടെ ഉത്തരപദമായ 'മ്സ്' എന്നവാക്കിൽ നിന്നാണ് മോശെ എന്ന നാമം രൂപം കൊണ്ടത് എന്ന് കരുതപ്പെടുന്നു. ഇതിന് 'കുഞ്ഞ്' അഥവാ 'ജാതൻ' എന്നെല്ലാം അർത്ഥമുണ്ട് (പുറ:20:10) ലേവീ ഗോത്രത്തിൽ അമ്രാമിന്റെയും ഭാര്യ യോഖെബെദിന്റെയും പുത്രനാണ്. മൂത്ത മകൻ അഹരോന് മൂന്ന് വയസ് വ്യത്യാസമുണ്ട്. പുറ.6:10-20. മോശെയുടെ ജേഷ്ഠ സഹോദരിയാണ് മിര്യാം. മോശെയുടെ ജീവിത കാലഘട്ടം 120 സംവത്സരമായിരുന്നു. അതിനെ നാല്പത് സംവത്സരങ്ങൾ വീതം മൂന്നായി തിരിച്ച് പഠിക്കാവുന്നതാണ്. (1) മിസ്രയിമിൽ ഫറവോന്റെ കൊട്ടാരത്തിൽ (2) മിദ്യാനിൽ യിത്രോവിന്റെ അടുക്കൽ ആട്ടിടയനായി. (3) മരുഭൂമിയിൽ യിസ്രായേൽ ജനത്തിന്റെ നായകനായി.

**മോശെ മിസ്രയിമിൽ ഫറവോന്റെ കൊട്ടാരത്തിൽ**

ഫറവോന്റെ കൊട്ടാരവാസത്തെക്കുറിച്ച് വിശദമായ പഠനം തിരുവെഴുത്തിൽ നിന്നും ലഭ്യമല്ല. മോശെയുടെ ജനനത്തോടു കൂടി. രാജകല്പനയെ ഭയന്ന് മാതാവ് അവനെ ഒളിപ്പിക്കുകയും മൂന്ന് മാസം കഴിഞ്ഞപ്പോൾ ഒരു ഞാങ്ങണപ്പെട്ടകം വാങ്ങി അതിൽ പൈതലിനെ കിടത്തി. നൈൽ നദിയിൽ ഒഴുക്കി. ഞാങ്ങണച്ചെടികളുടെ ഇടയിൽ വച്ചു. കുഞ്ഞിന് എന്തു സംഭവിക്കുന്നു എന്ന് കാണ്മാൻ മിര്യാം ദൂരെനിന്ന് ശ്രദ്ധിച്ചുകൊണ്ടിരുന്നു. നദിയിൽ നീരാടാൻ വന്ന ഫറവോന്റെ പുത്രി ഞാങ്ങണയുടെ ഇടയിൽ കുഞ്ഞിനെകണ്ടു. അവൻ സൗന്ദര്യമുള്ളവനായതുകൊണ്ട് ദാസി മുഖേന പൈതലിനെ എടുത്ത് കൊട്ടാരത്തിലേയ്ക്ക് ചെന്നു. മിര്യാം കുഞ്ഞിന് മുലകൊടുത്ത് വളർത്താൻ സ്വന്തം മാതാവിനെ വിളിച്ചുകൊണ്ടു വന്നു. അവൻ ഫറവോന്റെ കൊട്ടാരത്തിൽ വളർന്നു.

സ്തേഫാനോസ് പറയുന്നത് "മോശെ മിസ്രമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ചു. വാക്കിലും പ്രവർത്തിയിലും സമർത്ഥനായിത്തീർന്നു." (അപ്പോ. പ്ര. 7:22) എന്നാണ്. ലോകരാഷ്ട്രങ്ങളിൽ വച്ച് ജ്ഞാനത്തിൽ മുൻനിരയിലായിരുന്നു മിസ്രയിം. ആകയൽ മിസ്രയിമിലെ സകല ജ്ഞാനവും അഭ്യസിച്ചു എന്നു വെച്ചാൽ ലോകത്തിലേയ്ക്കും ഉത്തമമായ ജ്ഞാനം കരസ്ഥമാക്കി എന്നു സാരം. വാക്കിലും പ്രവർത്തിയിലും സമർത്ഥനായിരുന്നു. മോശെയെക്കുറിച്ച് താൻ തന്നെ പറയുന്നത് "ഞാൻ വാക്സാമർത്ഥ്യമുള്ളവനല്ല, ഞാൻ വിക്കനും തടിച്ചനാവുള്ളവനുമാകുന്നു." (പുറ. 4:10) എന്നാൽ ദൈവം തെരെഞ്ഞെടുത്തത് തന്റെ കഴിവുനോക്കിയല്ല. വാക്ക് സാമർത്ഥ്യം നോക്കിയുമല്ല. ഇന്ന് മനുഷ്യൻ തെരെഞ്ഞെടുക്കുന്നത് തന്റെ വാക്സാമർത്ഥ്യവും കഴിവുകളും നോക്കിയാണ്. എന്നാൽ ദൈവം യിസ്രായേൽ രാജാവിനെ തെരെഞ്ഞെടുത്തപ്പോഴും ദാവീദിന്റെ പ്രായമോ, മുഖമോ, പൊക്കമോ നോക്കിയില്ല. അകമെയുള്ള മനുഷ്യനെയാണ് നോക്കിയത്. ഇവിടെയും മോശെയുടെ അകമെയുള്ള മനുഷ്യനെയാണ് ദൈവം നോക്കുന്നത്. പ്രവർത്തിയിൽ സമർത്ഥനായിരുന്നു. മോശെയ്ക്ക് 40 വയസ്സ് തികയാറായപ്പോൾ യിസ്രായേൽ മക്കളായ സഹോദരന്മാരെ കാണുവാനായി ആഗ്രഹിച്ചു. ഒരു മിസ്രയിമ്യനും, യിസ്രായേല്യനും തമ്മിൽ അടിക്കുന്നതുകണ്ട മോശെ മിസ്രയിമിനെ അടിച്ചുകൊന്ന് മണലിൽ കുഴിച്ചിട്ടു. പിറ്റേന്ന് രണ്ട് യിസ്രായേല്യർ തമ്മിൽ അടിക്കുന്നത് കണ്ട് രമ്യപ്പെടുത്താൻ ശ്രമിച്ചപ്പോൾ അവരിൽ ഒരുവൻ മിസ്രയിമിനെ കൊന്നതുപോലെ എന്നെയും കൊല്ലുവാൻ വന്നിരിക്കുന്നവോ എന്ന് ചോദിച്ചതുകൊണ്ട് മരണ വിധം രാജസന്നിധിയിൽ എത്തിയതിനാൽ ഫറവോൻ തന്നെ കൊല്ലും എന്ന് ഭയപ്പെട്ട് മിദ്യാനിലേയ്ക്ക് ഓടി രക്ഷപ്പെട്ടു.

**മോശെ മിദ്യാനിൽ യിത്രോവിന്റെ അടുക്കൽ ആട്ടിടയനായി.**

മിദ്യാനിൽ മോശെ ഒരു കിണറിന്നരികെ ഇരുന്നു. കുളിർമയുടെയും ആശ്വാസത്തിന്റെയും സ്വസ്ഥതയുടെയും സംഗമത്തിന്റെയും സ്ഥാനമാണ് കിണർ. മിദ്യാനിലെ പുരോഹിതനായ യിത്രോവിന്റെ പുത്രിമാർ ആടുകൾക്ക് വെള്ളം കൊടുക്കുവനായി കിണറിന്നരികെ വന്നപ്പോൾ ഇടയന്മാർ അവരെ വിരട്ടി ഓടിച്ചു. അപ്പോൾ മോശെ അവരെ സഹായിച്ചു. അവരുടെ ആടുകൾക്ക് വെള്ളംകോരി കൊടുത്തു. യുവതികൾ പതിവിലും നേരെത്തെ ഭവനത്തിൽ ചെന്നത് എങ്ങനെയെന്ന് പിതാവ് റെഗുവേൽ ചോദിച്ചു. ഒരു മിസ്രയിമ്യൻ ഞങ്ങളെ സഹായിച്ചു എന്നവർ ഉത്തരം പറഞ്ഞു. യിത്രോവിന് റെഗുവേൽ എന്നും പേരുണ്ട്. ഇത് ഗ്രീക്ക് പേരാണ്. "ദൈവത്തിന്റെ സ്നേഹിതൻ" എന്നാണ് അർത്ഥം. ഈ പുരോഹിതൻ മോശെയെ ഭവനത്തിലേയ്ക്ക് വിളിപ്പിക്കയും തന്റെ മകൾ സിപ്പോരയെ വിവാഹം ചെയ്തുകൊടുന്നു. അങ്ങനെ അമ്മാവിയപ്പന്റെ ആട്ടിടയനായി അവിടെ പാർത്തു. ഒരിടയനുണ്ടാകേണ്ട സകല ഗുണങ്ങളും പഠിച്ചാണ് തന്റെ ഭവനത്തിൽ നിന്നും യിസ്രായേലിന്റെ നേതാവായി മോശെ പുറപ്പെട്ടത്.

മിദ്യാനിൽ വച്ച് ദൈവത്തിന്റെ നിയോഗം ലഭിക്കുകയും, ഹോരേബ്ബ് പർവ്വതത്തിൽ വച്ച് മുൾപ്പടർപ്പിൽ പ്രത്യക്ഷനായ ദൈവം മോശെയോട് സംസാരിച്ചു. ഹോരേബ്ബ് എന്നതിന് മരുഭൂമി എന്നാണർത്ഥം. ഇവിടെ വച്ചാണ് മോശെയ്ക്ക് പരിവർത്തനം ഉണ്ടായത്. യോഹന്നാൻ സ്നാപകന്റെയും പൗലോസിന്റെയും യേശുവിന്റെയും മരുഭൂമിയുടെ അനുഭവം ദൈവീക ശുശ്രൂഷയ്ക്ക് വേണ്ടിയുള്ള സമർപ്പണത്തിന്റെ കാലഘട്ടമാണ്. ഹൊരേബ്ബിൽ സംഭവിച്ച ചിലകാര്യങ്ങൾ നമുക്ക് ചിന്തിക്കാം. ദൈവം മോശെയ്ക്ക് പ്രത്യക്ഷമായ സ്ഥലം (പുറ. 3:1-2) അതും അമ്മാവിയപ്പന്റെ ആടുകളെ മേയ്ക്കുമ്പോൾ, അദ്ധ്വാനശീലനായവരെയാണ് ദൈവം തെരെഞ്ഞെടുക്കുന്നത്. ഗിദെയോൻ, ദാവീദ്, ഏലീശ, ശിഷ്യന്മാർ എന്നിവരെയെല്ലാം ഓരോ ജോലിയിൽ ഏർപ്പെട്ടിരുന്നപ്പോഴാണ് ദൈവം വിളിച്ചത്. ഹോരേബ്ബിൽ വച്ച് അവർക്ക് ആരാധന സ്വാതന്ത്ര്യം കിട്ടി. (പുറ. 3:12) ദൈവ ശബ്ദം കേട്ടതായ സ്ഥലം (3:4-5). ന്യായപ്രമാണം കിട്ടിയ (കൊടുത്ത) സ്ഥലം (19-20 അദ്ധ്യായങ്ങൾ, 24:13-16). പാറയിൽ നിന്നും വെള്ളം പുറപ്പെടുവിച്ച സ്ഥലം (17:6) ആഭരണങ്ങൾ ഊരിക്കളഞ്ഞ സ്ഥലം (33:6) പിന്നെ അവർ ആഭരണം ധരിച്ചതായി വായിക്കുന്നില്ല. ഇത് മാനസാന്തരത്തിന്റേയും വേർപാടിന്റെയും മനോഭാവമാണ്, അടയാളമാണ്. ദൈവ സാന്നിദ്ധ്യംകൊണ്ട് വിശുദ്ധ ഭൂമിയാണ് ഹോരേബ്ബ്. ആകയാൽ ചെരുപ്പ് കാലിൽ നിന്ന് അഴിച്ചു മാറ്റുക. ജീവിത വിശുദ്ധിയും ആരാധന പൂർണ്ണമായ ബഹുമാനത്തേയും ഇത് കാണിക്കുന്നു, രണ്ടാമത്തെ 40 വർഷത്തിന്റെ ഒടുവിലാണ് ദൈവത്തിന്റെ പ്രത്യക്ഷത മോശെയ്ക്കുണ്ടായത്. അതു നിമിത്തം അവൻ മരുഭൂമിയിൽ ദൈവജനത്തെ നടത്തുന്നതായി കാണാം.

*(തുടരും)*

## പുസ്തക പ്രകാശനം



**കോട്ടയം :** സുവിശേഷകൻ ഡേവിഡ് പി. ഐസക്കിനാൽ രചിക്കപ്പെട്ട "സുവിശേഷം ഗാന്ധിജിയുടെ നാട്ടിൽ" എന്ന പുസ്തകം 2012 ഫെബ്രുവരി 23-ന് സുവി. കുഞ്ഞുമോൻ തോട്ടപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ നടന്ന സമ്മേളനത്തിൽ കോട്ടയം ക്രിസ്ത്യൻ ബ്രദറൺ സഭയിൽ വച്ച് സഹോദരൻ തോമസ് ചാണ്ടി കെ.വി. സാമുവേലിനു നൽകി പ്രകാശനം ചെയ്തു. സഹോദരന്മാരായ ഷാജൻ പാറക്കടവ്, ജോസ് തോമസ്, മോഹനൻ, റോയി മീമ്പാറ, സി.റ്റി. ജോണികുട്ടി എന്നിവർ പ്രസംഗിച്ചു. പുസ്തകം പബ്ലിഷ് ചെയ്തിരിക്കുന്നത് ശാന്തിദൂത് പബ്ലിക്കേഷൻസ് എരുമേലിയാണ്.

പുസ്തകത്തിന്റെ വില-50 രൂപ

പുസ്തകം ആവശ്യപ്പെടേണ്ട വിലാസം
**(കേരളം)** തോമസ് പി.ഐ.
പാറക്കടവിൽ വീട്, വടവാതൂർ പി.ഒ.
കോട്ടയം -10. ഫോൺ : 9605852979

**(North India) :** David P. Issac,
Bible Bhavan, Street No. -4
Bharathy Nagar, Gandhigram
Rajkot, Gujarath, Pin - 360007

(4-ാം പേജ് തുടർച്ച)

## തിരുവെഴുത്തുകളുടെ

തിരിക്കുകയോ ചെയ്യുവാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരുന്നു.

8. ഫൈലോ (Philo) എന്ന അലക്സാണ്ട്രിയക്കാരനായ യഹൂദൻ, അപ്പൊക്രീഫാ ഗ്രന്ഥങ്ങളെക്കുറിച്ച് നല്ല അറിവുള്ളവനായിരുന്നെങ്കിലും തന്റെ എഴുത്തുകളിൽ കാനോനിക ഗ്രന്ഥങ്ങളിൽ നിന്നു മാത്രമെ ഉദ്ധരണികൾ നടത്തിയിട്ടുള്ളൂ.

9. എ.ഡി. രണ്ടാം നൂറ്റാണ്ടിൽ അലക്സാണ്ട്രിയായിലെ യഹൂദന്മാർ അക്വീലാസിന്റെ യവന വിവർത്തനം (Aquila's Greek Version of the old Testament) അംഗീകരിച്ചിരുന്നു. എന്നാൽ ഈ വിവർത്തനത്തിൽ ഉത്തര കാനോനിക ഗ്രന്ഥങ്ങൾ ഉൾപ്പെടുത്തിയിരുന്നില്ല.

10. എ.ഡി. 184-254 വരെ ജീവിച്ചിരുന്ന ഓറജിൻ (Origen) അലക്സാണ്ട്രിയായിൽ വളരെ പ്രവർത്തിച്ചിരുന്ന ആളാണ്. എന്നാൽ താൻ എബ്രായ ബൈബിളിന്റെ കാനോനികത അല്ലാതെ ഒന്നുംതന്നെ സ്വീകരിച്ചിരുന്നില്ല.

11. എ.ഡി. 315-386 വരെ ജീവിച്ചിരുന്ന യരുശലേംകാരനായ സിറിൾ (Cyril of Jerusalem) സെപ്റ്റാജിന്റിനെക്കുറിച്ച് പരാമർശിക്കുമ്പോൾ അതിൽ ഉത്തരകാനോനിക ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നതായി പറയുന്നില്ല. എബ്രായ ബൈബിളിലെ കാനോനിക ഗ്രന്ഥങ്ങളായ 21 പുസ്തകങ്ങൾ മാത്രമെ ഉള്ളതായി താൻ പറയുന്നുള്ളൂ.

"Read the divine scriptures, namely, the 24 books of the Old Testament which 72 interpreters transulated".

72 വ്യാഖ്യാതാക്കൾ പരിഭാഷ ചെയ്ത 24 പഴയ നിയമപുസ്തകങ്ങളുള്ള വിശുദ്ധ തിരുവെഴുത്തുകൾ വായിക്കുക എന്നാണ് സിറിൾ എഴുതിയത്.

*(തുടരും)*

# കുമ്പനാട് കൺവൻഷൻ സപ്ലിമെന്റ്

**കുമ്പനാട് :** 109–ാമത് കുമ്പനാട് ജനറൽ കൺവൻഷൻ 2011 ഡിസംബർ 25 ഞായറാഴ്ച ആരംഭിച്ച് 2012 ജനുവരി 1 ഞായറാഴ്ച ആരാധന യോഗത്തോട്കൂടി അവസാനിച്ചു. കുമ്പനാട് ബ്രദറൺ സഭാ ഹാളിനോട് ചേർന്ന് തയ്യാറാക്കിയ പന്തലിൽ വച്ച് ഡോ. ഒ. എം. സാമുവേൽ ഉദ്ഘാടനം ചെയ്ത യോഗത്തിൽ സുവിശേഷകന്മാരായ എം.എം. സഖറിയ, ചാണ്ടപ്പിള്ള ഫിലിപ്പ്, വർഗ്ഗീസ് കുര്യൻ, ജോസ് മാത്യു, ജോൺ പി. തോമസ്, സാമുവേൽ ബി. തോമസ്, ടി. ജി. ബെന്നി എന്നിവർ വിവിധ ശുശ്രൂഷകളിൽ ദൈവവചനം ശുശ്രൂഷിച്ചു.

തിങ്കൾ മുതൽ ശനിവരെ രാവിലെ 7.30 മുതൽ രണ്ടു ടീമുകളിലായി 28 സ്ഥലങ്ങളിൽ പരസ്യയോഗങ്ങൾ നടത്തി. അപ്പോൾ തന്നെ സഭാഹാളിൽ 8.30 മുതൽ 9.30 വരെ 'ദിവ്യരഹസ്യങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ഒ.എം. സാമുവേൽ ബൈബിൾ



ക്ലാസ്സുകൾ എടുത്തു. തിങ്കളാഴ്ച സുവിശേഷകൻ ബാലസംഘം സൗത്ത് ഡിവിഷന്റെ യോഗത്തിൽ സാമുവേൽ ബി. തോമസ്, ഗോഡ്സൺ വാലയിൽ, വർഗ്ഗീസ് കുര്യൻ എന്നിവർ ക്ലാസ്സുകൾ എടുത്തു. ചൊവ്വാഴ്ച നടന്ന സുവിശേഷകരുടെ മീറ്റിംഗിൽ എം.എം. സഖറിയ അദ്ധ്യക്ഷനായിരുന്നു. സാമുവേൽ ബി. തോമസ് ദൈവവചനം ശുശ്രൂഷിച്ചു. കേരളത്തിൽ നിന്നും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുമുള്ള ദൈവദാസന്മാർ സാക്ഷ്യങ്ങൾ പറഞ്ഞു. ബുധനാഴ്ച നടന്ന സഹോദരി സമാജത്തിൽ ടി.ജി. ബെന്നി, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ വചനം ശുശ്രൂഷിച്ചു. വ്യാഴാഴ്ച നടന്ന മിഷനറി സമ്മേളനത്തിൽ ഡോ. ഒ.എം. സാമുവേൽ അദ്ധ്യക്ഷനായിരുന്നു. ജോൺ പി. തോമസ് വചനം സംസാരിച്ചു. വെള്ളിയാഴ്ച നടന്ന പൊതുയോഗത്തിൽ ജോസ് മാത്യു, ചാണ്ടപ്പിള്ള ഫിലിപ്പ് എന്നിവർ ദൈവവചനം ശുശ്രൂഷിച്ചു. ശനിയാഴ്ച നടന്ന കുടുംബസംഗമത്തിൽ വറുഗീസ് കുര്യൻ, ജോസ് മാത്യു, സാമുവേൽ ബി. തോമസ് എന്നിവരും കുട്ടികൾക്കുവേണ്ടിയുള്ള സമ്മേളനത്തിൽ എബ്രഹാം തോമസ് പുല്ലാടും ക്ലാസ്സുകൾ എടുത്തു.



ഞായറാഴ്ച നടന്ന സമാപനയോഗത്തിൽ ചാണ്ടപ്പിള്ള ഫിലിപ്പ് ദൈവവചനം ശുശ്രൂഷിച്ചു. ഈ ദിവസങ്ങളിൽ നടന്ന യോഗങ്ങളിൽ എബ്രഹാം തോമസ് കൊച്ചി, ബിനു ശാമുവേൽ പത്തനംതിട്ട എന്നിവർ പരിഭാഷകൾ നടത്തി. യോഗങ്ങളിൽ വിവിധ ബുക്ക് സ്റ്റാളുകളും പ്രസിദ്ധീകരണങ്ങളുടെ സ്റ്റാളുകളും ഉണ്ടായിരുന്നു. സാന്ത്വനത്തിന്റെ സ്റ്റാളും ഈ കൺവൻഷനിൽ പ്രവർത്തിച്ചു.





## മൂന്നാമത് വാർഷിക സമ്മേളനവും സമ്മാനദാനവും

**കിടങ്ങൂർ:** അങ്കമാലി കിടങ്ങൂർ ക്രിസ്ത്യൻ ബ്രദറൺ ചർച്ചിന്റെ സഹകരണത്തിൽ സാന്ത്വനം ദ്വൈമാസികയുടെ മൂന്നാമത് വാർഷിക സമ്മേളനം 2012 ജനുവരി 7–ന് ഉച്ചയ്ക്ക് 2 മണിക്ക് കിടങ്ങൂർ സഭാഹാളിൽ വെച്ച് നടന്നു.

സമ്മേളനത്തിൽ സഹോദരൻ പി.എം. ഏബ്രഹാം അദ്ധ്യക്ഷനായിരുന്നു. സഹോ. ലിജോ വർഗ്ഗീസ് പാലമറ്റം മുഖ്യ സന്ദേശം നൽകി. സഹോദരന്മാരായ പി.പി. ജോർജ്ജ്, ഷാജി ചീങ്കയിൽ, ഇ.ജി. ബെന്നി എന്നിവർ ആശംസകൾ അർപ്പിച്ചു. ക്വിസ് കോർണർ വിജയികൾക്ക് അദ്ധ്യക്ഷൻ സമ്മാനദാനം നിർവ്വഹിച്ചു.

സഹോദരൻ റോയി മീമ്പാറ എഴുതിയ പിതൃചുംബനം എന്ന നോവൽ പി.പി. ജോർജ്ജ് ലിജോ വർഗ്ഗീസിന് നൽകി പ്രകാശനം ചെയ്തു. സഹോദരന്മാരായ കെ.എം. പൗലോസ്, ബിനോയി മാണി, കെ.പി. ജോർജ്ജ്, കെ.പി. ജോസ്, ബെൻസൺ ബാബു, റോയി മീമ്പാറ എന്നിവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

## വൈ. എം. ഇ. എഫ്. തിരുവനന്തപുരം സെന്റർ ദ്വൈവാർഷിക പ്രവർത്തന റിപ്പോർട്ട്

2012–14 കാലയളവിലേക്ക് പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായി 17–12–2011 ൽ ഒരു പ്രത്യേകാൽ യോഗം പട്ടം ബ്രദറൺ സഭാ ഹാളിൽ കൂടുകയുണ്ടായി. പ്രസിഡന്റ് എം.കെ. തോമസിന്റെ അദ്ധ്യക്ഷതയിൽ കൂടിയ മീറ്റിംഗിൽ കഴിഞ്ഞ കാലങ്ങളിലെ പ്രവർത്തനങ്ങളെ പ്രത്യേകം വിലയിരുത്തുകയുണ്ടായി. കൂടുതൽ ഊർജ്ജസ്വലതയോടു കൂടി പ്രവർത്തനങ്ങൾ മുൻപോട്ടു കൊണ്ടുപോകുന്നതിന് പ്രസിഡന്റ് കർതൃദാസന്മാരെ ആഹ്വാനം ചെയ്തു. തുടർന്ന് ട്രഷർ ജോർജ് സി. വർഗ്ഗീസ് "നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ" ഹഗ്ഗായി 1:2–9 "നിന്റെ അപ്പത്തെ വെള്ളത്തിൻമേൽ എറിക, ഏറിയ നാൾ കഴിഞ്ഞിട്ട് നിനക്ക് അതു കിട്ടും" (സഭാ. പ്ര. 11:1) എന്നീ വാക്യങ്ങളെ അടിസ്ഥാനപ്പെടുത്തി കർതൃദാസന്മാരെ പ്രബോധിപ്പിച്ചു. ബ്രദർ ജോയി കുമാർ പ്രവർത്തന റിപ്പോർട്ടും, ജോർജ്ജ് സി. വർഗ്ഗീസ് രണ്ടു വർഷത്തെ വരവു ചിലവു കണക്കുകളും അവതരിപ്പിച്ചത് പൊതുയോഗം അംഗീകരിച്ചു.

തുടർന്ന് പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു.

പ്രസിഡന്റ്–ജോൺ പണിക്കർ, മണ്ണന്തല; വൈസ് പ്രസിഡന്റ്–എബ്രഹാം മാത്യൂസ്, മണ്ണന്തല; സെക്രട്ടറി –ജോളി കെ.ജി., അമ്പൂരി; ജോയിന്റ് സെക്രട്ടറി– ബിജു വിൽസൺ, കരകുളം; ട്രഷറർ–ജോർജ്ജ് സി. വർഗ്ഗീസ്, പട്ടം, തിരുവനന്തപുരം

**കമ്മിറ്റി അംഗങ്ങൾ**

1. ചാക്കോച്ചൻ, പേരൂർക്കട, 2. വി.കെ. ജോയി കുമാർ, ഓലത്താന്നി, 3. എ. ജെപമണി, ചേരപ്പള്ളി, 4. പി.ഡി. ജെയിംസ്, അമ്പൂരി, 5. സിജോ തോമസ്, കല്ലറ, 6.എസ്.ജി. ഗിൽബർട്ട്, കുന്നൻപാറ, 7. സി. ദാസ്, പാറശ്ശാല, 8. എൻ. ക്രിസ്തുദാസ്, കാട്ടാക്കട

നാളിതുവരെയുള്ള എല്ലാ പ്രവർത്തനങ്ങൾക്കും ആവശ്യമായതെല്ലാം "മഹത്വത്തോടെ തന്റെ ധനത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തരും" എന്നുള്ള വാഗ്ദത്തം പൂർണ്ണമായി വാഴ്ത്തപ്പെട്ട കർത്താവ് നിറവേറ്റി തന്നിരിക്കുന്നു. മഹത്വം മുഴുവനും ദൈവത്തിന്.

വൈ.എം.ഇ.എഫ്. തിരുവനന്തപുരം സെന്ററിന് വേണ്ടി,

കർത്തൃ ശുശ്രൂഷയിൽ, സ്നേഹവന്ദനങ്ങളോടെ,

(സെക്രട്ടറി)

## കൊട്ടാരക്കര കൺവൻഷൻ സമാപിച്ചു

**കൊട്ടാരക്കര :** 2012 ജനുവരി 16–ന് പുലമൺ ഗോസ്പൽ ഹാളിൽ ആരംഭിച്ച സെന്റർ കൺവൻഷൻ 22 ഞായറാഴ്ച സംയുക്ത ആരാധനയോടെ സമാപിച്ചു. കൊട്ടാരക്കരയിലും ചുറ്റുപാടുമുള്ള പ്രാദേശിക സഭകളുടെ സഹകരണത്തിൽ നടത്തപ്പെടുന്ന കൺവൻഷനിൽ വിശ്വാസികൾ താല്പര്യത്തോടെ പങ്കെടുത്തു. കർത്തൃദാസന്മാരായ ചാണ്ടപ്പിള്ള ഫിലിപ്പ്, സാമുവേൽ ബി. തോമസ്, ജോസ് മാത്യു, വർഗ്ഗീസ് കുര്യൻ തുടങ്ങിയവർ മുഖ്യ പ്രസംഗകർ ആയിരുന്നു.

ഞായറാഴ്ച നടന്ന സംയുക്താരാധനയോഗത്തിൽ ജോസ് മാത്യു സമാപന സന്ദേശം നൽകി. ഉല്പ. 22 ആസ്പദമാക്കി ആരാധനയിൽ ദൈവജനം പാലിക്കേണ്ട വിശുദ്ധിയേയും വേർപാടിനെയും കുറിച്ച് നൽകിയ സന്ദേശം വളരെ ചിന്തനീയമായിരുന്നു. അബ്രഹാമിനോട് ദൈവം കല്പിച്ച വ്യവസ്ഥ അനുസരിച്ച് നിശ്ചിത സ്ഥലത്തും സമയത്തും ദൈവീക അരുളപ്പാട് അനുസരിച്ച് ദൈവത്തെ ആരാധിച്ചു. പുതിയ നിയമ വിശ്വാസികളും ആത്മീയ വ്യവസ്ഥ അനുസരിച്ച് വിശുദ്ധിയും വേർപാടും പാലിച്ച് ദൈവത്തെ ആരാധിക്കണം. ദൈവവചനം സത്യമാണ് ദൈവത്തെ ആത്മാവിലും സത്യത്തിലും ആരാധിക്കണം. ഏറ്റവും വിലയേറിയതിനെ ദൈവസന്നിധിയിൽ സമർപ്പിച്ചു കൊണ്ട് ആരാധിക്കണം. ദൈവം അബ്രഹാമിനോട് പറഞ്ഞു; "നിന്റെ ഏകജാതനായ മകനെ തരുവാൻ മടിക്കാത്തതുകൊണ്ട് നീ ദൈവത്തെ ഭയപ്പെടുന്നു എന്നു ഞാൻ അറിയുന്നു." മാത്രമല്ല അബ്രഹാം ആരാധനയിലൂടെ ദൈവത്തെ ഉണ്മയായി സ്നേഹിച്ചു എന്ന് മനസ്സിലാക്കാം. ആ മാതൃക നമുക്കും സ്വീകരിക്കാം എന്ന് പ്രബോധിപ്പിച്ചുകൊണ്ട് തന്റെ സന്ദേശം നൽകി

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ഹരിയാന :** ബല്ലബ്ഗഢ് എന്ന സ്ഥലത്ത് ബഥേൽ ബ്രദറൺ അസംബ്ലി എന്ന പേരിൽ ഒരു സ്ഥലം സഭ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് കൃപചെയ്തു. തദ്ദേശിയരായ പതിനാറോളം പേർ ഇവിടെ കർത്താവിനെ ആരാധിക്കുവാനായി കൂടിവരുന്നു. ഇതിന്റെ സമീപ പ്രദേശമായ സജ്ജയ് എൻക്ലേവിലും അടുത്ത ഗ്രാമമായ ഗോച്ചിയിലും ഒരു ബൈബിൾ ക്ലാസ് ആരംഭിക്കുവാൻ ഇടയായി.

ഇവിടെയുള്ള പ്രവർത്തനത്തെയും സഭയെയും സുവിശേഷകനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർക്കുമല്ലോ.

സുവിശേഷകന്റെ വിലാസം:

V.K. Sasi (Evg.)
H.No. 3638G/F,
Sector -3, Pocket-2
Ballabgarh, Faridabad
Haryana, Pin - 121004

**ന്യൂഡൽഹി :** ദൈവകൃപയാൽ ഇവിടുത്തെ പ്രവർത്തനങ്ങൾ അനുഗ്രഹമായി തുടരുന്നു. 04.07.2010–ഹിന്ദി ഭാഷയിൽ ആരാധന തുടങ്ങിയ ഈ സഭയ്ക്ക് സൺഡെ സ്കൂൾ ഒഴികെ മറ്റു എല്ലാമീറ്റിംഗുകളും ക്രമമായി നടത്താൻ ദൈവം കൃപ ചെയ്യുന്നു.

സൺഡെ സ്കൂൾ തുടങ്ങാനുള്ള അസൗകര്യം കുഞ്ഞുങ്ങളെ കൊണ്ടുവരാൻ കഴിയുന്നില്ല എന്നതാണ്. യാത്രാ ക്ലേശമുള്ള സ്ഥലം ആയതിനാൽ ഒരു വാഹനം ഉണ്ടാകണം എന്ന് പ്രാർത്ഥിച്ചുവരുന്നു. സൺഡെ സ്കൂളിന് വരാൻ താൽപര്യം ഉള്ള ഹിന്ദി ഭാഷക്കാർ ആയ കുഞ്ഞുങ്ങളുണ്ട്. ആയതിനാൽ ഈ വിഷയത്തെ പ്രാർത്ഥനയിലൂടെയും സാമ്പത്തീക കൈത്താങ്ങലുകളിലൂടെയും കർത്തൃവേലയിൽ വേണ്ട പ്രോത്സാഹനങ്ങൾ നൽകുവാൻ സഹകരിക്കേണമേ എന്ന് അപേക്ഷിക്കുന്നു.

സുവിശേഷകന്റെ വിലാസം

Evg. Raju Daniel; Flat No. 34-A; Pocket - B-8; Mayur Vihar Phase - III New Delhi - 110096; Tel. Mob: 09871503686

എന്ന് സഭയ്ക്കുവേണ്ടി

Evg. Raju Daniel,
Bro. Tumuthy, Bro. Tony Premu, Bro. Premkumar

### അഡ്രസ് മാറ്റം

സുവിശേഷകൻ ലാലു വർഗ്ഗീസിന്റെ പുതിയ വിലാസം

**Lalu Varghese,** Bethesda Bhavan, Karukone P.O.
Cherattukuzhi, Anchal (Via), Kollam, Kerala, Pin: 681 306
Ph: 97465 64322, 98462 03140

# കെ.ജി. കുര്യൻ ജീവചരിത്രം

**കോട്ടയം :** 2012 ജനുവരി 8–ന് കോട്ടയം ദർശന ഓഡിറ്റോറിയത്തിൽ ഡോ. ഒ.എം. ശമുവേലിന്റെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ സുവി. എം. എം. സഖറിയ, പ്രൊഫ. പി.പി. സ്കറിയായ്ക്ക് ജീവചരിത്രത്തിന്റെ ആദ്യപ്രതി നൽകികൊണ്ട് പ്രകാശനം നിർവ്വഹിച്ചു. ജീവചരിത്രവിവരണം ഡോ. അലക്സാണ്ടർ കുര്യനും ഗ്രന്ഥരചനയെപ്പറ്റിയുള്ള വിശദീകരണം ഡോ. സി.വി. വടവനയും നിർവ്വഹിച്ചു. സുവി. ജോൺ കുര്യൻ തന്റെ പിതാവിനെക്കുറിച്ചുള്ള സ്മരണകൾ അയവിറക്കി. ഡോ. കുഞ്ഞുമോൻ ചാക്കോ, സൈലസ് സി. നായർ, എം.എസ്. മാത്യു, എം.വി. ബാബു, പി. ഇ. സാംകുട്ടി, കെ.എ. ഫിലിപ്പ്, ജോർജ്ജ് കോശി എന്നിവർ ആശംസാപ്രസംഗങ്ങൾ നടത്തി.

ഫിലിപ്പ് കെ. ആൻഡ്രൂസ്, ബ്രൗൺ, ഷൈജൻ എന്നിവരുടെ ഗാനശുശ്രൂഷയും ഉണ്ടായിരുന്നു. ഇ.എസ്. റെജി സ്വാഗതവും, പി.എം. എബ്രഹാം കൃതജ്ഞതയും പ്രകാശിപ്പിച്ചു. സുവി. കെ.വി. ജോണിന്റെ പ്രാർത്ഥനയോടെ സമ്മേളനം സമാപിച്ചു. സത്യം പബ്ലിക്കേഷൻസാണ് ഈ പുസ്തകം പ്രസിദ്ധീകരിച്ചത്.

# ത്രിദിന ബൈബിൾ പഠന ക്യാമ്പ്

**മാങ്കുളം :** 2012 ഏപ്രിൽ 6–8 (വെള്ളി–ഞായർ) രാവിലെ 9.00 മുതൽ വൈകിട്ട് 4.00 മണി വരെ. സ്ഥലം : മാങ്കുളം, ഇടുക്കി ജില്ല. അദ്ധ്യാപകർ : രാജു കെ. മാത്യു (ബാംഗ്ലൂർ), ജോൺ വർഗ്ഗീസ് (കൊട്ടാരക്കര).

വിഷയങ്ങൾ : രക്ഷയുടെ ഉറപ്പ്, ഉപദേശത്തിന്റെ പ്രാധാന്യത, കരിസ്മാറ്റിസം, എക്യുമെനിസം, സഭയിൽ സ്ത്രീകളുടെ ഉത്തരവാദിത്വങ്ങൾ, വിശ്വാസിയിൽ പരിശുദ്ധാത്മ പ്രവർത്തനങ്ങൾ, സഭാവളർച്ചയിൽ വിശ്വാസികളുടെ പങ്ക്, ആരാധനയും കർത്തൃമേശയും, എന്തുകൊണ്ട് ബ്രദറൺസഭമാത്രം പുതിയ വിശ്വാസികൾക്ക് പ്രത്യേകം കൗൺസലിംഗ് സമയം.

**ആർക്കും സംബന്ധിക്കാം, താമസ സൗകര്യം വേണ്ടവർ മുൻകൂട്ടി അറിയിക്കുക.**

ഫോൺ : 09446920419, 09447986466, 09496432170

# കുഴിമാവിൽ പുതിയ സഭാ കൂടിവരവ്

**മുണ്ടക്കയം:**കഴിഞ്ഞ നാളുകളിൽ ദൈവജനത്തിന്റെ പ്രാർത്ഥനയുടെയും സഹകരണത്തിന്റെയും ഫലമായി കുഴിമാവ്, കോരുത്തോട് കേന്ദ്രീകരിച്ച് അനേക സുവിശേഷ ക്യാമ്പുകളും പ്രവർത്തനങ്ങളും നടത്തിയതിന്റെ ഫലമായി പലർ രക്ഷിക്കപ്പെടുവാനും ചിലർ വേർപെട്ട് വരുവാനും ഇടയായിട്ടുണ്ട്.

ദൈവകൃപയാൽ പീരുമേട് താലൂക്ക് സുവിശേഷീകരണ ടീം പ്രവർത്തനത്തിന്റെ ചുമതലയിൽ 2012 ഫെബ്രുവരി 6,7,8 തീയതികളിൽ കുഴിമാവും സമീപ സ്ഥലങ്ങളും കേന്ദ്രീകരിച്ച് ഭവന സന്ദർശനം, പരസ്യയോഗങ്ങൾ, രാത്രി യോഗങ്ങൾ എന്നിവ നടത്തുവാൻ കർത്താവ് സഹായിച്ചു. മൂന്ന് ദിവസങ്ങളിലും 30–ലധികം സഹോദരന്മാർ കടന്ന്വന്ന് വേലയിൽ സഹകരിച്ചു. സുവിശേഷകന്മാരായ ഗോഡ്ലി കുര്യൻ, എം. വി. ബാബു, ശാമുവേൽ റ്റി. ഫിലിപ്പ് എന്നിവർ ബൈബിൾ ക്ലാസ്സുകൾ എടുത്തു. കുഴിമാവിൽ ക്രമീകരിച്ച രാത്രിയോഗങ്ങളിൽ ബ്ര. തോമസ് ചെറിയാൻ, എം.വി. ബാബു, ഷാജഹാൻ വി. ഹസൻ എന്നിവർ വചനം പ്രസംഗിച്ചു. സഹോദരന്മാരായ കെ.സി. ബാബു, സജീവൻ എന്നിവർ സംഗീത ശുശ്രൂഷ നിർവ്വഹിച്ചു. ഫിലിം പ്രദർശനവും ഉണ്ടായിരുന്നു. നല്ലകൂട്ടം ആളുകൾ കടന്നുവന്ന് വചനം ശ്രദ്ധിച്ചു. ഭവനസന്ദർശനം മുഖാന്തിരം പലരും രക്ഷിക്കപ്പെടുവാൻ ഇടയായി. അനുധാവന പ്രവർത്തനങ്ങൾ നടന്നു വരുന്നു. പ്രവർത്തനങ്ങളുടെ പുരോഗതി ലക്ഷ്യമാക്കി കുഴിമാവിൽ വാടക വീട് എടുക്കുവാനും അവിടെ ആരാധനാ കൂടിവരവ് ആരംഭിക്കുവാനും ഇടയായി എന്നുള്ളത് സ്തോത്രത്തിനായി അറിയിക്കുന്നു. സഹോദരന്മാരായ കെ. എം. ബേബി, റ്റി.വി. മാത്യു, എം.സി. ചെറിയാൻ എന്നിവരുടെ നേതൃത്വത്തിൽ ടീം പ്രവർത്തനത്തിന്റെ ചുമതലയിൽ ഈ പ്രവർത്തനം തുടർന്നുകൊണ്ടു പോകുന്നു. ഞായറാഴ്ച ആരാധനായോഗവും വെള്ളിയാഴ്ച രാവിലെ പ്രാർത്ഥനയും വൈകുന്നേരം ബൈബിൾ ക്ലാസും നടക്കുന്നു. തുടർന്നും ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു.

വിലാസം,

T.V. Mathew
Logos Bhavan
Konipad P.O.
Melukavumattom
Kerala, India-686 652

# S.B.S.
## വാളകം സെന്റർ ക്യാമ്പ്

**വാളകം :** എസ്.ബി.എസ്. വാളകം സെന്ററിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും നടത്തിവരാറുള്ള സെന്റർ ക്യാമ്പ് 2012 ഏപ്രിൽ 25 മുതൽ 28 വരെ നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുന്നു.

ശാന്തസുന്ദരവും വിസ്തൃതവുമായ പെനിയേൽ ബൈബിൾ സെമിനാരിയിലാണ് (കീഴില്ലം പരുത്തുവയലിൽ ഹോസ്പിറ്റലിനു സമീപം) ക്യാമ്പ് നടത്തപ്പെടുന്നത്. തീരുമാനിച്ചിരിക്കുന്നത്. പ്രസ്തുത ക്യാമ്പ് വിജയപ്രദമാക്കുന്നതിനും അനേകം കുഞ്ഞുങ്ങൾ കർത്താവിനെ അറിയുന്നതിനും സഭയായും വ്യക്തികളായും വിലയേറിയ പ്രാർത്ഥനയും സഹായ സഹകരണവും അഭ്യർത്ഥിച്ചുകൊള്ളുന്നു.

**ക്യാമ്പ് ലീഡേഴ്സ്**

ജോർജ്ജ് കോശി (മൈലപ്ര)

റെജി കെ. തോമസ് (നെല്ലിയാടി)

ജി. ധർമ്മരാജ് (മാവേലിക്കര)

ഫിലിപ്പ് കെ. ആൻഡ്രൂസ് (കോട്ടയം)

**ക്യാമ്പ് തീം : "നീയോ സകലത്തിലും നിർമ്മദനായിരിക്ക" 2 തീമൊ. 4:5**

**മത്സരങ്ങൾ**

സംഗീതം, കഥ, വാക്യം ചൊല്ലൽ, കവിത, വേദപരിചയം, വേദവിജ്ഞാനം (സദൃശ്യവാക്യങ്ങൾ), പ്രസംഗം, ഗ്രൂപ്പ് സോംഗ്

**ഷാജു എം.പി.**
മാറ്റാംപുറം

## ഗാനം

*(ഈ ഗേഹം വിട്ട ... രീതി)*

ഈ നാടും നീങ്ങി പോകുമേ
ഈ ദേഹം വിട്ടുപോകുമേ
നിന്നെ കാണുന്ന നാളുകൾ
എത്രയോ അടുത്തുപോയല്ലോ

വേഗം ചെന്ന് ചേരും ഞാൻ
എന്റെ നാഥന്റെ വീട്ടിൽ
അന്നു കാണും ഞാൻ
നിൻ മുഖം
എത്രയോ അടുത്തുപോയല്ലോ

കോടാകോടി ശുദ്ധന്മാർ
പാടി ആനന്ദിക്കുമ്പോൾ
ഞാനും ചേർന്നു പാടുമേ
എന്റെ യേശു നാഥനേ

# മഹത്വത്തിൽ

## വി.എ. ശാമുവേൽ



**നിലമ്പൂർ :** നിലമ്പൂർ കുളംക്കണ്ടം വെഞ്ചാലിൽ വി.എ. ശാമുവേൽ (85) 30–1–2012 തിങ്കളാഴ്ച കർത്തൃസന്നിധി ചേർന്നു.

1950 കളിൽ തിരുവിതാംകൂറിൽ നിന്ന് മലബാറിലേക്കു കുടിയേറ്റത്തിന്റെ പ്രാരംഭത്തിൽ ചെങ്ങന്നൂറിനു പടിഞ്ഞാറ് ബുധനൂർ എന്ന ഗ്രാമത്തിൽനിന്ന് വെഞ്ചാലിൽ ഏബ്രഹാമും ഭാര്യ മറിയാമ്മയും നാലു ആൺമക്കളും രണ്ടു പെൺമക്കളുമായി മലപ്പുറത്ത് നിലമ്പൂരിൽ വന്നിറങ്ങി. 168 നീളമുള്ള ചാലിയാറിന്റെ പോഷക നദിയുടെ തീരത്ത് നിലമ്പൂർ കോവിലകത്തുനിന്ന് നദിയുടെ തീരം വാങ്ങി.

നാട്ടിൽ ബ്രദറൺ സമൂഹത്തിൽ ജീവിച്ച ഈ ദമ്പതികളും ഏതാനും വ്യക്തികളും ആരാധനയാരംഭിച്ചു.

നാട്ടിൽ ബ്രദറൺ സമൂഹത്തിൽ ദൈവാരാധകരായ ദമ്പതികൾ പ്രാർത്ഥിക്കയും താമസിയാതെ ആരാധന ഉളവായി. അബ്രഹാം പിതാവിന്റെ മൂത്തമകനാണ് ശാമുവേൽ. ഇടക്കര സഭയുടെ സെമിത്തേരിയിൽ സംസ്ക്കരിച്ചു. മക്കൾ എ.എസ്. എബ്രഹാം, കെ.സി.മാത്യു–മേരി, ഹാരീസ്–അന്നമ്മ, വിൽസൺ–മിനി, ജോസ്–റോസമ്മ, ജോസ്–സാലി സന്തപ്ത കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.


## ബാബു തോപ്പിൽ



**കട്നി :** മദ്ധ്യപ്രദേശിലെ കട്നി സഭയിലെ സുവിശേഷകനായിരുന്ന ബാബു തോപ്പിൽ (55) 2012 ജനുവരി 29–ന് താൻ പ്രിയം വച്ചിരുന്ന കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. 2012 ജനുവരി 31–ന് അനേകം ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ പുതുപുലരിയിൽ വീണ്ടും കാണാം എന്ന പ്രത്യാശയോടെ സംസ്ക്കരിച്ചു.

സഹോദരൻ കർത്താവിനുവേണ്ടി ജ്വലിച്ച് പ്രകാശിക്കുന്ന വിളക്ക് ആയിരുന്നു. വൈ.എം.ഇ.എഫ്. ടീം മദ്ധ്യപ്രദേശിൽ പ്രവർത്തിക്കുമ്പോൾ ദീർഘനാളുകൾ സഹകരിച്ചിരുന്നു. പെട്ടെന്നുണ്ടായ വേർപാട്മൂലം ദുഃഖത്തിലിരിക്കുന്ന ഭാര്യ ലിജിയേയും മക്കളേയും സഭാ വിശ്വാസികളെയും പ്രാർത്ഥനയിൽ ഓർക്കുക.

## എൻ.സി. സാമുവേൽ



**കൊട്ടാരക്കര :** കൊട്ടാരക്കര പുലമൺ ബ്രദറൺ സഭാ മൂപ്പന്മാരിൽ ഒരാളായിരുന്ന എൻ.സി. സാമുവേൽ (77) 2012 ഫെബ്രുവരി 15–ന് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. സംസ്ക്കാരം 17–ന് തൃക്കണ്ണമംഗൽ ഇ.റ്റി.സി.–യിലുള്ള സെമിത്തേരിയിൽ നടന്നു. കൊട്ടൂർ മാവിള കുടുംബാംഗമാണ്. പിതാവിന് ആറ് മക്കളാണ്. മൂന്ന് ആൺമക്കളും മൂന്ന് പെൺമക്കളും. രണ്ടുപേർ സുവിശേഷകന്മാരാണ്. സുനിൽ (ചെന്നൈ), സുരേഷ് (ആനയടി). ദുഃഖത്തിലിരിക്കുന്ന ഭാര്യയെയും മക്കളെയും കൊച്ചുമക്കളെയും കുടുംബാംഗങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുക.

# ഏകദിന യുവജനസമ്മേളനം

**മീമ്പാറ :** മീമ്പാറ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ യുവജനങ്ങളുടെ ആത്മീയ അഭിവൃദ്ധി ലക്ഷ്യമാക്കി ഒരു ഏകദിന സമ്മേളനം 2011 ഡിസംബർ 24 ശനിയാഴ്ച രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തപ്പെട്ടു. സുവിശേഷകൻ വി.പി. പൗലോസ് മണ്ണൂർ "യുവജനങ്ങളും ക്രിസ്തീയ സാക്ഷ്യവും" എന്ന വിഷയത്തെ അടിസ്ഥാനമാക്കി ക്ലാസ്സുകൾ എടുത്തു. ഉച്ചകഴിഞ്ഞ് നടന്ന ചർച്ചയിൽ ഉല്പ. 34–നെ ആസ്പദമാക്കി 'ദീനയുടെ പരാജയങ്ങൾക്ക് കാരണത്തെകുറിച്ച്' സഹോദരനായ എ. നെൽസൺ, പി.പി. വർഗ്ഗീസ്, ടിങ്കിൾ പോൾ എന്നിവർ നേതൃത്വം നൽകി. സമ്മേളനം കൂടിവന്ന ഏവർക്കും അനുഗ്രഹമായിരുന്നു.

# തൊടുപുഴ കൺവൻഷൻ


**തൊടുപുഴ:** ദൈവഹിതമായാൽ തൊടുപുഴ ക്രിസ്റ്റ്യൻ ബ്രദറൺ ചർച്ചിന്റെയും വേർപെട്ട ദൈവജനത്തിന്റെയും സഹകരണത്തിൽ സുവിശേഷ പ്രഭാഷണങ്ങളും സംഗീത ശുശ്രൂഷയും തൊടുപുഴ മുനിസിപ്പൽ ടൗൺഹാളിൽ വച്ച് 2012 ഏപ്രിൽ 13 വെള്ളിയാഴ്ച മുതൽ 15 ഞായർ വരെ ദിവസവും വൈകിട്ട് 5.30 മുതൽ 8.30 വരെ നടത്തപ്പെടുന്നു. അന്ത്യകാല ലോകസംഭവങ്ങൾ ബൈബിൾ പ്രവചനവെളിച്ചത്തിൽ എന്ന വിഷയം ജോൺ പി. തോമസ് എറണാകുളം പ്രസംഗിക്കും. ഗാനങ്ങൾ സുവാർത്ത സിംഗേഴ്സ് കോഴഞ്ചേരി നിർവ്വഹിക്കും.

ഈ ശുശ്രൂഷകളെയും തൊടുപുഴ സഭയേയും പ്രവർത്തനങ്ങളെയും സാമ്പത്തിക ആവശ്യങ്ങളെയും പ്രാർത്ഥനയിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യണമെ.

കെ.ഒ. ജോസ്.

# പുസ്തക പരിചയം

റോയി മീമ്പാറ എഴുതിയ 'പിതൃചുംബനം' എന്ന നോവൽ സൗജന്യമായി ലഭിക്കുന്നു. ഭവനസന്ദർശനവേളകളിൽ വിതരണം ചെയ്യുവാൻ വേണ്ടി തയ്യാറാക്കിയത്. കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ നിങ്ങളുടെ ഏറ്റവും അടുത്തുള്ള കുറിയർ സർവ്വീസ് ഏത് എന്നും വ്യക്തമായ അഡ്രസ്സും ഫോൺ നമ്പറും സർവ്വീസ് ചാർജും അയച്ച് തരിക. (ട്രാക്റ്റുകളും ലഭ്യമാണ്).




**ബന്ധപ്പെടേണ്ടതായ വിലാസം**

സാന്ത്വനം പബ്ലിക്കേഷൻസ്
ചുണ്ടക്കുഴി പി.ഒ.
നെടുംങ്കണ്ണി, പെരുമ്പാവൂർ –683 546
എറണാകുളം ജില്ല, കേരളം
ഫോൺ : 09744117891

SANDWANAM
AN INDEPENDENT SPIRITUAL MAGAZINE




Vol 1 ■ Issue 3 ■ 2012 March - April ■ Pages 8 ■ M610203/2009 ■ Single Copy ₹10

# അയ്യോ..... എന്തൊരു തണുപ്പ്!... എന്തൊരു ചൂട്!....

**ലോ**കരാജ്യങ്ങളിൽ വച്ച് കാലാവസ്ഥയിൽ മിതമായ പാതയിൽ യാത്ര ചെയ്യുന്ന രാജ്യമാണ് ഇന്ത്യ. പ്രത്യേകിച്ച് കേരളം. എന്നാൽ കഴിഞ്ഞ ചില വർഷങ്ങളായി കേരളത്തിലും തലതിരിഞ്ഞുള്ള കാലാവസ്ഥയാണ് അനുഭവപ്പെടുന്നത്. വടക്കേ ഇന്ത്യയിൽ തിളച്ചു മറിയുന്ന ചൂട് 50 ഡിഗ്രി സെൽഷ്യസ് വരെ എത്തി. ഫലമോ പുഴുചത്തു വീഴുന്നതു പോലെ ജീവിതങ്ങൾ മരിച്ചു വീഴുന്നു.



കഴിഞ്ഞ വർഷം കേരളത്തിലും പലർക്കും സൂര്യാഘാതമേറ്റു എന്ന വാർത്ത ഭയപ്പെടുത്തുന്നവയാണ്. പ്രത്യേകിച്ച് പാലക്കാട് ജില്ല തിളച്ചു മറിയുകയായിരുന്നു. മഴക്കാലമായപ്പോൾ വിവിധയിനം പനിയും മറ്റു രോഗങ്ങളും കേരളത്തെ കാർന്നു തിന്നു കൊണ്ടിരിക്കുന്നു.

ബൈബിളിലെ ആവർത്തന പുസ്തകത്തിൽ ഇപ്രകാരം രേഖപ്പെടുത്തി "ക്ഷയരോഗം, ജ്വരം, പുകച്ചൽ, അത്യുഷ്ണം, വരൾച്ച, വെങ്കതിർ, വിഷമഞ്ഞ് എന്നിവയാൽ നിന്നെ ബാധിക്കും; നീ നശിക്കും വരെ അവ നിന്നെ പിൻതുടരും"(ആവർത്തനം 28:22) ജനം മര്യാദ വിട്ടു വഷളത്വത്തിലേക്കു നീങ്ങുമ്പോൾ യഹോവയായ ദൈവം തന്റെ ജനത്തെ ദൈവത്തിങ്കലേക്കടുപ്പിക്കുവാൻ ആഗ്രഹിക്കുകയും ചെയ്യുന്ന തെറ്റിൽ ശിക്ഷിച്ചു മടക്കി വരുത്തുന്നതുമായ കാഴ്ച വി. ബൈബിളിൽ അങ്ങോളമിങ്ങോളം കാണാം. അത്തരം ഒരു ശിക്ഷയാണ് ദൈവം സൂര്യന്റെ ചൂട് ഏഴ് ഇരട്ടിയാക്കാൻ പോകുന്നുവെന്ന മുന്നറിയിപ്പ് (യെശയ്യാവ് 30:26) ഇപ്പോൾ ചൂട് കൂടിയെന്നു നാം ഭയപ്പെടുന്നത് രണ്ടോ മൂന്നോ ഇരട്ടി മാത്രമാണ്. എന്നാൽ ഏഴിരട്ടിയായാൽ സ്ഥിതി എന്താകും എന്ന് ഊഹിച്ച് നോക്കൂ. ഈ അനുഭവത്തിലേയ്ക്ക് ദൈവം തള്ളിവിട്ടാൽ ജനം അയ്യോ എന്ന് നിലവിളിക്കുന്ന കാലം വിദൂരമല്ലാതെ അനുഭവിക്കേണ്ടിവരും. ആകയാൽ പ്രിയ ജനമേ, മാനസാന്തരപ്പെട്ട് യഹോവയായ ദൈവത്തിങ്കലേയ്ക്ക് മടങ്ങിവന്ന് മനം തിരിയുക. ഈ അവസ്ഥയ്ക്ക് മാറ്റം വരും.

(കടപ്പാട്)

# ഗോസ്പൽ മ്യൂസിക്ക് ഫെസ്റ്റ് 2012



**തിരുവല്ല:** ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് 2012 ഫെബ്രുവരി 24,25,26 തീയതികളിൽ തിരുവല്ല മുനിസിപ്പൽ സ്റ്റേഡിയത്തിൽ നടന്നു. ചാണ്ടപ്പിള്ള ഫിലിപ്പ് കോട്ടയം, ആൽബർട്ട് സുനിൽ ഔറംഗബാദ്, പി.ജി. ജെയിംസ് തണ്ണിത്തോട് എന്നീ കർതൃദാസന്മാർ ദൈവവചനം ശുശ്രൂഷിച്ചു.

പ്രശസ്ത ക്രിസ്തീയ ഗായകരായ മാത്യു ജോൺ, ജോയി ജോൺ, പ്രവീൺ, ജോൺലി ചാൾസ്, ജെയ്സൺ, ബാബു, ജോൺസൺ പീറ്റർ, സുനിൽ സോളമൻ, ജെ.പി. രാജൻ ജോസ്ലി എന്നിവർ ഗാനങ്ങൾ ആലപിച്ചു. കൂടാതെ ഫെബ്രുവരി 25ന് രാവലെ 9 മുതൽ ഉച്ചയ്ക്ക് 1 മണി വരെ "കുട്ടികളുടെ സംഗമം" എന്ന പ്രത്യേക പരിപാടിയും നടന്നു.

കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന സഹോദരന്മാർ ഈ സംഗമത്തിന് നേതൃത്വം നൽകി.

# വേനൽ അവധിക്കാലകൂട്ടം

**മാങ്കുളം :** 2012 ഏപ്രിൽ 16-20 (തിങ്കൾ-വെള്ളി), സെന്റ് ജൂഡ് സ്കൂൾ മാങ്കുളം രാവിലെ 9 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ . വിദഗ്ധരും സമർപ്പണവുമുള്ള ലീഡേഴ്സ്, 350-ലധികം കുട്ടികൾ, ആദിവാസി-തമിഴ് പ്രത്യേകം ക്ലാസ്സുകൾ, വ്യക്തിവികസനത്തിനും സ്വഭാവ രൂപീകരണത്തിനും പ്രത്യേകശ്രദ്ധ, കുട്ടികൾക്ക് മനസ്സിലാകുന്ന രീതിയിലുള്ള അവതരണം, കാർട്ടൂൺ-കഥാപാത്രങ്ങൾ കാണാൻ എത്തുന്നു, മാതാപിതാക്കൾക്ക് പ്രത്യേകം ക്ലാസ്സുകൾ, എല്ലാവർക്കും ഉച്ചഭക്ഷണവും സമ്മാനവും.

മാങ്കുളം ബ്രദറൻ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഈ ശുശ്രൂഷകളെ ഓർത്ത് പ്രാർത്ഥിക്കുകയും കടന്നുവന്ന് സംബന്ധിക്കുകയും ചെയ്യണമേ. ഹൈറേഞ്ചിൽ ഒരു ഉൾആദിവാസിമേഖലയായ മാങ്കുളത്ത് ക്രമീകരിച്ചിരിക്കുന്ന ഈ പ്രവർത്തനങ്ങൾക്ക് 70,000 രൂപയിലധികം ചെലവുണ്ട്. ദൈവാത്മാവ് പ്രേരിപ്പിക്കുന്നതുപോലെ കൂട്ടായ്മയുടെ വലങ്കരം നീട്ടിയാലും.

എന്ന്, സഹോദരന്മാർ

ബിനു ബേബി,കോശി കെ. പോൾ, അരുൺ കെ. പോൾ.

വിലാസം :അരുൺ കെ. പോൾ
പോസ്റ്റ് ബോക്സ് നമ്പർ : 13
അടിമാലി - 685 561, ഇടുക്കി ജില്ല
ഫോൺ : 09446920419, 09447986466, 09496432170

## ✉ പ്രതികരണം

സർ,

സ്നേഹ വന്ദനങ്ങൾ 'സാന്ത്വനം' മാസിക അനേകർക്ക് തീർച്ചയായും സാന്ത്വനമായിരിക്കുന്നു എന്നറിയുന്നതിൽ സന്തോഷിക്കുന്നു. ഈ കാര്യം തന്നെയാണല്ലോ കർത്താവ് ഗത്സമനയിൽ പ്രാർത്ഥിച്ചത്. 'എന്റെ ഇഷ്ടമല്ല, അവിടുത്തെ ഇഷ്ടം തന്നെയാകട്ടെ'. ഇതുതന്നെയായിരിക്കട്ടെ നമ്മുടെ എല്ലാ ഉദ്യമങ്ങളുടേയും ആക തുക. എന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ച് പ്രോത്സാഹിപ്പിക്കുന്നതിൽ നന്ദി. എന്റെ പേര് ലിസ്റ്റിൽ ഉൾപ്പെടുത്തി കാണുന്നതിൽ നന്ദി.

**ജോർജ്ജ് സി. വർഗ്ഗീസ്**, തിരുവനന്തപുരം

## ക്വിസ് കോർണർ 20

ആർക്കും ചേരാം. സുവിശേഷകന്മാരെ ഒഴിവാക്കിയിട്ടുണ്ട്. ജനുവരി മുതൽ ഡിസംബർ വരെ ശരിയുത്തരം അയക്കുന്നവർക്ക് ആകർഷകമായ സമ്മാനം ഏർപ്പെടുത്തിയിരിക്കുന്നു. ഉത്തരങ്ങൾ തെളിവു സഹിതം എഴുതേണ്ടതാണ്. നിങ്ങളുടെ അഡ്രസ് എഴുതുമ്പോൾ പിൻകോഡ് സഹിതം എഴുതുക.

**സങ്കീർത്തനം 26 - 50**

1. യെദൂഥൂൻ ആരാണ്?
2. ദുഃഖംകൊണ്ടും നെടുവീർപ്പുകൊണ്ടും കഴിഞ്ഞുപോയിരിക്കുന്നത് എന്തെല്ലാമാണ്?
3. കിഴക്കൻ കാറ്റുകൊണ്ട് തർശീശ് കപ്പലുകൾക്ക് എന്ത് സംഭവിക്കുന്നു?
4. ദാവീദ് വലം വയ്ക്കുന്നത് എന്തിനെയാണ്?
5. മനുഷ്യൻ ഏറ്റവും കൂടുതൽ പാപം ചെയ്യുന്ന ഒരു അവയവം?
6. ദുഷ്ടന് വളരെ ............................ ഉണ്ട്?
7. കിന്നരനാദത്തോടെ കടങ്കഥ കേൾപ്പിക്കുന്നത് ആര്?
8. യഹോവയുടെ ശബ്ദം മുഴങ്ങുന്നു എന്ന് ആവർത്തിച്ച് പറയുന്ന സങ്കീർത്തനം?
9. ആസാഫിന്റെ സങ്കീർത്തനം ഏത്?
10. ദാവീദ് ആരുടെ മുമ്പിലാണ് ബുദ്ധിഭ്രമം നടിച്ചത്?

### ക്വിസ് കോർണർ 19 ലെ ഉത്തരങ്ങൾ

1.) താഴ്ത്തും 18:27 2). രണ്ട് 2:12 3). ഇരുപത്തിരണ്ട് 4). യഹോവ ഛേദിച്ചുകളയും 12:3 5). ഏഴ് 6). പുത്രനെ ചുംബിപ്പിൻ 2:12 7). പതിനാറ് 8). നന്മയും കരുണയും 23:6 9). ഭക്തിയോടെ ആരാധിക്കും 5:7 10). ആകാശം 19:1

### വിജയികൾ

മേരി ജോർജ്ജ്, കുന്നക്കുരുടി; ഷെക്കീന എം.സ്., മാറ്റാംപുറം; ജോയ്സ് റാഫേൽ, നെല്ലിക്കുന്ന്, ഏലിയാമ്മ ശാമുവേൽ, കോടനാട്, മിസിസ്സ് എം. തോമസ്, നാഗദ (എം.പി.), സൗമ്യ പ്രിൻസ്, തങ്കളം, അന്നക്കുട്ടി ഐസക്ക്, കോതമംഗലം, ഏലിയാമ്മ മത്തായി, കോടനാട്, ജെയ് മോൾ ജോസ്, മാറ്റാംപുറം, ജസ്സി ജോസ്, മാറ്റാംപുറം, ജഫിൻ ജോസ്, മാറ്റാംപുറം, സിബിയ ജോയി, കുന്നക്കുരുടി, റിയാ തങ്കച്ചൻ, കുന്ദംകുളം, ഗ്രേയ്സ് ജോർജ്ജ്, കണ്ണൂർ, അന്നമ്മ എബ്രഹാം, പെരുമ്പാവൂർ, മെറീന ജോണി, അങ്കമാലി, മറിയാമ്മ മത്തായി, തൃശ്ശൂർ, ഷേർളി ലോയ്ഡ്, കൊടകര, ഗ്രേയ്സി ആൽബർട്ട്, തൃശ്ശൂർ, ജൂബി പി.പോൾ, പൂമല, പികെ. ജോർജ്ജുകുട്ടി, മൂവാറ്റുപുഴ, ബീന സുരേഷ്, പുത്തൻകുരിശ്, ബെറ്റി ജോയി, കുന്നക്കുരുടി, അച്ചാമ്മ ഐസക്ക്, കുറുപ്പംപടി, പ്രിസ്ക്കില്ല കുഞ്ഞുഞ്ഞ്, കുറുപ്പംപടി, സോണാ മുരളി, ഇരിങ്ങാലുക്കുട, ഡെന്നി പി. അഗസ്റ്റിൻ, പോങ്ങ, എസ്ഥേർ വറുഗീസ്, ക്രാരിയേലി, അന്ന വറുഗീസ്, ക്രാരിയേലി, ജീമോൾ ലാൽ, വെള്ളാനിക്കര, പി.കെ. മേഴ്സി, മീമ്പാറ, തങ്കമ്മ ദാനിയേൽ, തൃശ്ശൂർ

*ഉത്തരങ്ങൾ അയക്കേണ്ട വിലാസം :*
ക്വിസ് മാസ്റ്റർ, സാന്ത്വനം, ചൂണ്ടക്കുഴി പി. ഒ., പെരുമ്പാവൂർ - 683 546

**2012 ഏപ്രിൽ 15-നു മുമ്പായി ശരി ഉത്തരങ്ങൾ അയക്കേണ്ടതാണ്**

**Editorial Board**

| | | |
|---|---|---|
| Chief Editor | - | **Bro. Roy P. Kuriyakose (Roy Meempara)** |
| Co. Editors | - | Benson Babu, Meempara |
| | - | Jijo Angamaly |
| | - | P. V. Santhosh Wayanadu |
| | - | Joy M. P., Panamkuzhi |
| | - | Twinkle Paul, Kuruppampady |
| | - | K. P. Jose, Kidangoor |
| Managing Editor | - | Joy M. Issac, Meempara |
| Advisery Board | - | T. S. Paulose, Meempara |
| | - | Tharu Varghese, U.S.A. |
| | - | Johnson Daniel, Puthumana |
| | - | Dr. Binoy Varghese, Thrissur |
| | - | Sajeev Varghese, Puthupally |
| | - | Joy John, Banglore |
| | - | David P. Issac, Gujarath |

## സാന്ത്വനം വെബ്സൈറ്റിൽ

ആദ്യലക്കം മുതൽ വെബ്സൈറ്റിൽ വായിക്കുവാൻ www.malankaraviyojithan.com. സന്ദർശിക്കുക. വിദേശത്തേക്ക് തുടർന്ന് പോസ്റ്റൽ അയയ്ക്കുന്നതല്ല.

**പിതൃചുംബനം, തിരികെ സമുദായത്തിലേക്കോ എന്നീ രണ്ട് പുസ്തകങ്ങൾ ഇപ്പോൾ www.malankaraviyojithan.com നിന്നും സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്**

Single Copy ₹ 10
**BOOK PACKET**
Reg. No. KERMAL/2011/40311

To
.............................................
.............................................
.............................................
.............................................

*If Undelivered Please Return to:*
The Chief Editor,
**SANDWANAM**
Chundakuzhy P.O.,
Perumbavoor - 683 546
Ernakulam Dist., Kerala
Phone : 0484 - 2647162
Mob : 97441 17891
Email:sandwanamnews@gmail.com

Printed, Published, Owned & Edited by: Roy P. Kuriakose (Roy Meempara), Pulickal (H), Chudakuzhy P. O., Perumbavoor, Ernakulam Dist. Pin:683 546.
Printed at : Paul Graphics, Kuruppampady, Ernakulam., Typesetting : Art Windows, Perumbavoor Ph: 0484 - 2593597